I ഇ.ബി. XIII-കേരള നിയമസഭ/XV-11

**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 17, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

ശമ്പള പരിഷ്കരണം

മി. സ്പീക്കർ: ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് അഞ്ച് മാസം കഴിഞ്ഞിട്ടും 2014 ജൂലൈ 1 മുതൽ നടപ്പിലാക്കേണ്ട ശമ്പള-പെൻഷൻ പരിഷ്കരണം നടപ്പിലാക്കാതിരിക്കുകയും 2016 ജനുവരി 12-ന് സൂചനാ പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ. കെ.

ബാലൻ, വി. എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ഒന്നാംഘട്ട റിപ്പോർട്ട് 2015 ജൂലൈ 13-ന് സർക്കാരിന് ലഭിക്കുകയും അത് പരിഗണിക്കുന്നതിനായി നിയോഗിച്ച ക്യാബിനറ്റ് സബ് കമ്മിറ്റി യോഗം ചേർന്ന് പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട റിപ്പോർട്ട് ഈ മാസം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് സമയബന്ധിതമായി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ച് അഞ്ചുമാസം കഴിഞ്ഞിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ശമ്പള പരിഷ്കരണം ഉടൻ നടപ്പിലാക്കണമെന്ന ആവശ്യമുന്നയിച്ച് 2016 ജനുവരി 12-ന് സർക്കാർ ജീവനക്കാർ സൂചനാ പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. സ്വകാര്യവത്ക്കരണം, കരാർവത്കരണം, ഔട്ട്സോഴ്സിംഗ്, പങ്കാളിത്ത പെൻഷൻ, വേതനം വെട്ടിക്കുറയ്ക്കൽ, സുരക്ഷാ പദ്ധതികൾ പിൻവലിക്കൽ എന്നീ കാര്യങ്ങളാണ് നിലവിൽ ഗവൺമെന്റ്

ചെയ്തുകൊണ്ടിരിക്കുന്നത്. ശമ്പള പരിഷ്കരണത്തിൽ നിലനിൽക്കുന്ന അഞ്ച് വർഷ തത്വം സർക്കാർ അട്ടിമറിക്കുകയാണ്. 2002 ജനുവരി 16-ലെ ഉത്തരവിലൂടെ റദ്ദ് ചെയ്ത ജീവനക്കാരുടെ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും പിന്നീട് അധികാരത്തിലെത്തിയ എൽ.ഡി.എഫ്. ഗവൺമെന്റ് പുനഃസ്ഥാപിക്കുകയും പൊതുമേഖലകളിലുൾപ്പെടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും ചെയ്തു. ജീവനക്കാരുടെ സമ്മതമില്ലാതെ നിശ്ചയിച്ച ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ അഞ്ച് വർഷതത്വം പാലിക്കുമെന്നോ ശമ്പള പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നോ പരാമർശിച്ചിട്ടില്ല. കമ്മീഷന്റെ ഒന്നാംഘട്ട റിപ്പോർട്ട് പരിഗണിക്കുന്ന മന്ത്രിസഭാ ഉപസമിതി എത്രപ്രാവശ്യം യോഗം ചേർന്നെന്നും ആരുമായി ചർച്ച നടത്തിയെന്നും വ്യക്തമാക്കണം. തസ്തിക വെട്ടിക്കുറയ്ക്കൽ, വകുപ്പുകൾ ലയിപ്പിക്കൽ, ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടൽ, ലീവ് സറണ്ടർ നിർത്തലാക്കൽ തുടങ്ങിയ പ്രതിലോമകരമായ നടപടികൾ രണ്ടാംഘട്ട റിപ്പോർട്ടിൽ ഉൾപ്പെടുത്തുമെന്നാണ് മനസ്സിലാക്കുന്നത്. ശമ്പള പരിഷ്കരണത്തിന്റെ ബാധ്യത അടുത്ത് അധികാരത്തിൽ വരുന്ന ഗവൺമെന്റിനെ ഏൽപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. റവന്യൂ വരുമാനത്തിന്റെ 90 ശതമാനവും ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നുവെന്ന

പ്രചരണമാണ് യു.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരാൻപോകുന്ന ഫെബ്രുവരി മാസം ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് പറയുന്നത് ജീവനക്കാരെ പറ്റിക്കുന്നതിനു തുല്യമാണ്. കുറ്റകരമായ അനാസ്ഥയാണ് സർക്കാർ ഇക്കാര്യത്തിൽ കാണിക്കുന്നത്. ജനുവരി 12-ന് സൂചനാ പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ശമ്പള പരിഷ്കരണം എപ്പോൾ നടപ്പാക്കുമെന്ന് പറയേണ്ട ബാധ്യത സർക്കാരിനുണ്ട്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2016 ജനുവരി അവസാനമോ ഫെബ്രുവരി ആദ്യമോ ശമ്പള പരിഷ്കരണം നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവരെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ട് പരസ്പര ധാരണയോടുകൂടി മുന്നോട്ട് പോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ശമ്പള കമ്മീഷൻ ശിപാർശ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർ സമരം ചെയ്യേണ്ട ആവശ്യമില്ല. ജീവനക്കാരുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടും സംതൃപ്തമായ സിവിൽ സർവ്വീസ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടും സമയബന്ധിതമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ശമ്പള പരിഷ്കരണം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. സമയബന്ധിതമായി ശമ്പള പരിഷ്കരണം നടപ്പിലാക്കാതെ ജീവനക്കാരെ സമരത്തിലേക്ക് തള്ളിവിടുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. രണ്ട് വർഷം മുമ്പ് നിയോഗിച്ച ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കാതെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. റിപ്പോർട്ട് പഠിക്കാനായി നിയോഗിച്ച ഉപസമിതിയുടെ പ്രവർത്തനം ഇന്ന് അവതാളത്തിലായിരിക്കുകയാണ്. ജീവനക്കാരുടെ അവധി ദിവസങ്ങൾ വെട്ടിച്ചുരുക്കുന്നതും സംഘടനാ പ്രവർത്തനങ്ങൾ അവധി ദിവസങ്ങളിൽ മാത്രം നടത്തണമെന്നുള്ള കമ്മീഷന്റെ നിർദ്ദേശങ്ങളും അംഗീകരിക്കാൻ കഴിയില്ല. അദ്ധ്യാപകരെയും ജീവനക്കാരെയും അനിശ്ചിതകാല പണിമുടക്കിലേയ്ക്ക് തള്ളിവിടാതെ മുൻകാല പ്രാബല്യത്തോടുകൂടി ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി വിശദീകരണം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുൻ സർക്കാരിന്റെ കാലത്ത് ഫെബ്രുവരിമാസം അവസാനമാണ് നടപ്പാക്കിയത്. ഈ സർക്കാർ അതിനുമുമ്പ് ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും.

## പ്രത്യേക പരാമർശം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതിയാരോപണം ഉണ്ടായതിനെത്തുടർന്ന് പ്രസ്തുത കേസ് അന്വേഷിക്കുന്നതിനായി ലോകായുക്ത ചുമതലപ്പെടുത്തിയ എ.ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## ശ്രദ്ധക്ഷണിക്കൽ

(1) കാർഷികവിളകൾക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം ഓരോ സീസണിലും കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വയനാട് ജില്ലയിലെ കർഷകരെ ഗുരുതരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രഖ്യാപിച്ചതും കുടിശ്ശികയുള്ളതുമായ 22 കോടി രൂപ അടിയന്തരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ബാങ്കിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത കർഷകർക്ക് കൃഷിനാശംമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൃഷിക്കാരോടുള്ള ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകാനും പ്രതികൂല സാഹചര്യങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കാലാവസ്ഥാ വ്യതിയാനം, വന്യമൃഗശല്യം തുടങ്ങിയവമൂലം വയനാട് ജില്ലയിലുണ്ടായ കൃഷിനാശവുമായി ബന്ധപ്പെട്ട വിഷയം മന്ത്രിസഭാ യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുൻകാലപ്രാബല്യത്തോടുകൂടി കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ധനസഹായം അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ കുടിശ്ശികതുക ഉൾപ്പെടെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) പി.യു.കെ.സി. റോഡിന്റെയും കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെയും ശോചനീയാവസ്ഥ

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണ്. റോഡ് നിർമ്മാണത്തിന്റെ കാര്യത്തിൽ വിവേചനപരമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പുതിയങ്ങാടി-ഉള്ളേരി-കുറ്റ്യാടി-ചൊവ്വ സംസ്ഥാന പാതയുടെ തകർന്നു കിടക്കുന്ന ഭാഗങ്ങൾ നന്നാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം കൊയിലാണ്ടി-കോഴിക്കോട് പാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പ്രസ്തുത റോഡ് വീതികൂട്ടുകയോ കോരപ്പുഴ പാലം പുതുക്കി നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുകയോ ചെയ്യണം. അന്തർദേശീയ നിലവാരത്തിലുള്ള കോഴിക്കോട്-ബാലുശ്ശേരി റോഡ് അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 66.45 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയങ്ങാടി-ഉള്ളേരി-കുറ്റ്യാടി-ചൊവ്വ റോഡിൽ പുറക്കാട്ടേരി മുതൽ അത്തോളി വരെയുള്ള 5.5 കിലോമീറ്റർ ഭാഗത്തെ അറ്റകുറ്റപ്പണികൾ 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ഈ ഭാഗം

ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് 4.25 കോടി രൂപയുള്ള ഭരണാനുമതി രണ്ടുദിവസത്തിനുള്ളിൽ നൽകുന്നതാണ്. 22 കിലോമീറ്റർ ദൈർഘ്യമുള്ള കോഴിക്കോട് ബാലുശ്ശേരി റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്; ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്. കോഴിക്കോട് ബൈപ്പാസ് 2016 ജനുവരി 16-ാം തീയതി ഉദ്ഘാടനം ചെയ്യുന്നതാണ്. പഴയ കോരപ്പുഴ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

## സബ്മിഷൻ

### (1) ഫയർ ലൈസൻസ് ഫീസ്

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഫയർ ലൈസൻസ് ഫീസിൽ വൻ ഇളവ് നൽകി കേരളത്തിലെ ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കിക്കൊടുത്ത് സംസ്ഥാന ഖജനാവിന് കോടികൾ നഷ്ടമാക്കിയത് സംബന്ധിച്ച് വിശദമായി അന്വേഷിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നിശ്ചയിച്ചതിന്റെ

അടിസ്ഥാനത്തിൽ വകുപ്പുകൾ നൽകിവരുന്ന സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിക്കുന്നതിന് വകുപ്പുതലവൻമാർ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ 2013, 2014 വർഷങ്ങളിലിറക്കിയ സർക്കാർ ഉത്തരവുകൾ പ്രകാരം ഫയർ അന്റ് റെസ്ക്യൂ സർവ്വീസസ് നൽകിവരുന്ന സേവനങ്ങൾക്കുള്ള ഫീസ് പുതുക്കി നിശ്ചയിച്ചു. തുടർച്ചയായിട്ടുള്ള വർഷങ്ങളിൽ ഫീസ് കുത്തനെ വർദ്ധിപ്പിച്ചുവെന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഫീസ് കൂടുതലാണെന്നും ഫീസ് ഘടന വർദ്ധിപ്പിച്ചതിനാൽ ബഹുനിലകെട്ടിട നിർമ്മാതാക്കളുടെ നിലനിൽപ്പ് അപകടത്തിലാകുമെന്നും കാണിച്ച് നിരവധി പരാതികളും കോടതി വ്യവഹാരങ്ങളുമുണ്ടായ സാഹചര്യത്തിൽ പ്രസ്തുത ഫീസ് ഘടന പുന:പരിശോധിക്കാൻ തീരുമാനിച്ചു. ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും മറ്റ് സംസ്ഥാനങ്ങളിൽ ഈടാക്കിവരുന്ന ഫീസ് ഘടന പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ നിരക്ക് വർദ്ധന ക്രമാതീതമാണെന്ന് ബോധ്യമായതിനെത്തുടർന്ന് കുറവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> 35 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഫയർ ലൈസൻസ് ഫീസ് സ്ക്വയർ ഫീറ്റിന് നൂറ് രൂപ എന്നത് ഇരുപത് രൂപയായി കുറയ്ക്കുക വഴി സർക്കാരിന് കോടിക്കണക്കിന് രൂപയുടെ

നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ഇത് സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപം നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അപ്രായോഗികമായ തീരുമാനങ്ങൾ സർക്കാർ തിരുത്തും. ലീസ് റെന്റ് വർദ്ധനവ് പ്രോഫിറ്റബിൾ ഓർഗനൈസേഷനെ ബാധിക്കുകയില്ല. പ്രസ്തുത വിഷയം നിയസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്ത് പോകുകയും അല്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## (2) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: പി.എസ്.സി.യുടെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനം ത്വരിതപ്പെടുത്തുകയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): വേക്കൻസികൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് തലവന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അവരിൽനിന്ന്

വിശദീകരണം ആരായുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുന്നതിനായി പി. ആന്റ് എ.ആർ.ഡി. ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തുകയും ഒഴിവുള്ള തസ്തികകൾ കണ്ടെത്തി ഉടൻതന്നെ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ വേക്കൻസികളും കണക്കാക്കി അതുകൂടി യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് സർക്കുലർ മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്.

(3) നികുതി പിൻവലിക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനത്ത് ബീഡി ഉൽപ്പന്നങ്ങൾക്ക് സർക്കാർ ചുമത്തിയ പതിനാലര ശതമാനം പ്രത്യേക നികുതി പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ലഹരിവിരുദ്ധ പ്രവർത്തകർ ഇന്ത്യയൊട്ടാകെ നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ഫലമായി സിംഗഡ്സിൽ ഉൾപ്പെടുത്തി പരമാവധി നികുതി ചുമത്തി ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യം കൈവരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഏതായാലും ബീഡി വ്യവസായത്തിന്റെ

ശോചനീയാവസ്ഥ പരിഗണിച്ച് വരുമാനനഷ്ടം കണക്കിലെടുക്കാതെ ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്.

(4) ധനസഹായം

ശ്രീ. കെ. സുരേഷ് കുറുപ്പ്: കട്ടച്ചിറയിൽ അജ്ഞാതന്റെ ആക്രമണത്തിൽ മരണമടഞ്ഞ വൃദ്ധദമ്പതിമാരുടെ കുടുംബത്തിനും പരിക്കേറ്റവർക്കും ധനസഹായവും ചികിത്സാ സഹായവും നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കട്ടച്ചിറയിൽ അജ്ഞാതന്റെ ആക്രമണത്തിൽ വൃദ്ധ ദമ്പതികൾ മരിക്കുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിന്മേൽ അന്വേഷണം നടത്തി പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പ്രതിക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഒരു പ്രത്യേക കേസായി പരിഗണിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായവും പരിക്കേറ്റവർക്ക് ചികിത്സാ സഹായവും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ആർ.ബി.ഐ. ചട്ടങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ആർ.ബി.ഐ. ചട്ടലംഘനം നടത്തി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോഫിനാൻസ് പോലുള്ള സ്ഥാപനങ്ങളുടെ ചൂഷണം അവസാനിപ്പിക്കാൻ നിയമ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുവേണ്ടിയാണ് വിവിധ കേന്ദ്ര ഏജൻസികളുടെ ധനസഹായത്തോടെ കേരളത്തിൽ മൈക്രോഫിനാൻസ് സ്കീം ആരംഭിച്ചിട്ടുള്ളത്. ടി പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ഗവൺമെന്റൽ ഓർഗനൈസേഷനായ എസ്.എൻ.ഡി.പി. സംഘം 2003 മുതലുള്ള കാലയളവുകളിൽ വിവിധ ഏജൻസികളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് പണം കൈപ്പറ്റി ദുർവിനിയോഗം ചെയ്യുന്നുവെന്ന പ്രതിപക്ഷ നേതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ചിന്റെ പ്രത്യേക സംഘം വിശദമായ അന്വേഷണം നടത്തിവരികയാണ്. എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ ഭാരവാഹികൾ സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകളിൽ

നിന്നും മൈക്രോ ഫിനാൻസ് ഉദ്ദേശ്യത്തിനായി ലഭിച്ച വായ്പത്തുക ഗുണഭോക്താക്കൾക്ക് നൽകാതെ തിരിമറി നടത്തിയതിനും ഗുണഭോക്താക്കൾക്ക് നൽകിയ തുകയ്ക്കുമേൽ അമിത പലിശ ഈടാക്കിയതിനും സംസ്ഥാനത്ത് 21 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൈക്രോ ഫിനാൻസിംഗിന്റെ മറവിൽ യാതൊരുവിധത്തിലുമുള്ള തട്ടിപ്പ് നടത്താനും അനുവദിക്കില്ലെന്നും ഇത്തരക്കാർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുന്നതാണെന്നും ഉറപ്പുനൽകുന്നു.

(6) <u>വിൽപ്പന നികുതി പിൻവലിക്കൽ</u>

<u>ശ്രീ. വി. ശശി</u>: വിപണനരംഗത്ത് പ്രതിസന്ധി നേരിടുന്ന കൈത്തറി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വില്പന നികുതി പിൻവലിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഒരു കോടി രൂപയ്ക്കുമേൽ തുണിത്തരങ്ങൾ വിൽക്കുന്ന ടെക്സ്റ്റൈൽ സ്ഥാപനങ്ങൾക്ക് മൂല്യവർദ്ധിത നികുതി ഏർപ്പെടുത്തിയപ്പോൾ കൈത്തറിയെ ഒഴിവാക്കിയതോടുകൂടി വ്യാപകമായ നികുതിവെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൈത്തറി

വ്യവസായത്തിനും ബാധകമാക്കിക്കൊണ്ട് ടേൺ ഓവർ ടാക്സിനുപകരം വാറ്റ് കൊണ്ടുവന്നു. കൈത്തറി വ്യവസായത്തെ സഹായിക്കുന്നതിന് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. സെയിൽസ് ടാക്സ് ഏർപ്പെടുത്തിയത് കൈത്തറി വ്യവസായത്തെ യാതൊരു കാരണവശാലും ദോഷകരമായി ബാധിക്കില്ല. മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ കൈത്തറി തുണിത്തരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വാറ്റ് പിൻവലിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) റബ്ബർ കർഷകർക്ക് ധനസഹായം

ശ്രീ. രാജു എബ്രഹാം: റബ്ബർ കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ക്രിയാത്മക നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): റബ്ബറിന്റെ വില 97 രൂപയായി കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി ഈ വർഷം 300 കോടി രൂപ നീക്കിവയ്ക്കുകയും 46.3 കോടി രൂപ ഇതിനകം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താനായി റബ്ബർ ബോർഡിന് 50 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് കർഷകരിൽ

എത്തിക്കാനായി ശ്രമിക്കുന്നതാണ്. ഈ സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 150 രൂപ അഷ്വർ ചെയ്യുന്ന നടപടിയിൽ നിന്ന് ഗവൺമെന്റ് പുറകോട്ട് പോകില്ല. ഇതിനായി കേന്ദ്രത്തിൽ നിന്ന് 500 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(8) ഒഴിവുകൾ നികത്തൽ

ശ്രീ. റ്റി. വി. രാജേഷ്: വിവിധ സർക്കാർ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ നികത്തുകയും അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകുകയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ആന്റിസിപ്പേറ്ററി വേക്കൻസി കൂടി കണക്കാക്കിയുള്ള അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒഴിവുകളുടെ കാര്യം കൃത്യമായി എഴുതി തന്നാൽ ഓരോന്നും പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്. അഡ്വൈസ് മെമ്മോ കിട്ടിയവർക്ക് തീർച്ചയായും നിയമനം കൊടുക്കും.

(9) യുനസ്കോ-നാച്വറൽ കൾച്ചറൽ ഹെറിറ്റേജ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: മാപ്പിള ഖലാസികളെ യുനസ്കോയുടെ നാച്വറൽ

കൾച്ചറൽ ഹെറിറ്റേജ് ഇനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മാപ്പിള ഖലാസികളെ യുനസ്കോയുടെ നാച്വറൽ കൾച്ചറൽ ഹെറിറ്റേജ് ഇനത്തിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) അനധികൃത നിർമ്മാണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: തിരുവനന്തപുരം നഗരത്തിലെ കവടിയാറിൽ ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ള വിൻസർ രാജധാനി ഹോട്ടൽ സമുച്ചയം അനധികൃതമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തിരുവനന്തപുരം നഗരത്തിലെ കവടിയാറിൽ ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ള വിൻസർ രാജധാനി കെട്ടിടത്തിൽ നഗരസഭയുടെ പെർമിറ്റ് ഇല്ലാതെ 9 മുതൽ 12 വരെയുള്ള നിലകൾ നിർമ്മിച്ചിട്ടുള്ളതും കെട്ടിടത്തിന്റെ ലോവർ ബേസ്മെന്റ് ഫ്ലോർ കെട്ടിടത്തിന്റെ പുറകുവശത്തുള്ള റോഡിലേയ്ക്ക് ചേർത്ത് നിർമ്മിച്ചിരിക്കുന്നതും കെട്ടിടത്തിന്റെ തെക്കുവശത്തുള്ള തുറസ്സായ സ്ഥലം അതിരുവരെ ഷീറ്റ് റൂഫ് ചെയ്ത് കെട്ടിടത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നതും

ചട്ടലംഘനമാണ്. ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കാതെയാണ് 12 വരെയുള്ള നിലകൾ ഉപയോഗിക്കുന്നത്. ഇതിനെതിരെ നഗരസഭയുടെ ഭാഗത്തുനിന്ന് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത നിർമ്മാണത്തിനുള്ള ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഫയർ എൻ.ഒ.സി., എയർപോർട്ട് എൻ.ഒ.സി. എന്നിവ ലഭ്യമായതായി കാണുന്നില്ല. അനധികൃതമായി പണിത 4196.3 സ്ക്വയർ മീറ്റർ ഏരിയയ്ക്ക് ടാക്സ് നിർണ്ണയിച്ച് നഗരസഭ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കെട്ടിടം ഉടമ ഇതുവരെ തുകയൊന്നും അടച്ചിട്ടില്ലാത്തതിനാൽ തുക ഈടാക്കാനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി. വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിൽ നിന്നും നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ആകെ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണമാണ് നടന്നിട്ടുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണത്തിനെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്. കിഴക്കേകോട്ടയിലെ രാജധാനി ബിൽഡിംഗിലെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ സർക്കാരിൽ നിന്നും പലതവണ തിരുവനന്തപുരം നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള തുടർ നടപടിയെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു.

(11) <u>ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി മുൻകൂറായി സ്ഥലം വിട്ടുതന്നവർക്ക് ഭൂമി വില നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): പാഞ്ചിക്കാട്ട് കടവ് പാലം, അപ്രോച്ച് റോഡ് എന്നിവയ്ക്കായി ഏറ്റെടുത്ത ഭൂമിക്ക് ഡി.എൽ.പി.സി. ശിപാർശ ചെയ്ത വില എസ്.എൽ.ഇ.സി. അംഗീകരിച്ചിട്ടുണ്ട്. സമ്മതപത്രം നൽകിയ ഭൂവുടമകളുടെ ഉടമസ്ഥാവകാശ രേഖകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് 31.12.2015-ന് മുമ്പ് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതാണ്.

(12) <u>ഭൂനികുതി നിരസിക്കൽ</u>

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ ഉൾപ്പെട്ട രണ്ട്കണി, വട്ടച്ചാൽ എന്നീ പ്രദേശങ്ങളിലെ ഭൂനികുതി സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): താമരശ്ശേരി താലൂക്കിലെ വട്ടച്ചാൽ, രണ്ട്കണി എന്നീ സ്ഥലങ്ങൾ റീസർവ്വേ 90-ൽപ്പെട്ടതാണ്. പ്രസ്തുത

സ്ഥലം പുഴപ്പുറമ്പോക്ക് ഭൂമിയായതിനാലാണ് നികുതി സ്വീകരിക്കാതിരുന്നത്. പുഴ പുറമ്പോക്ക് ഭൂമിയുടെ സർവ്വേ നടപടികൾ പഞ്ചായത്തിന്റെ അനുമതിയോടെ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്ത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(13) വ്യവസായ സംരംഭകർക്ക് പലിശ ഇളവ്

ശ്രീ. പി. ബി. അബ്ദുൾ റസാക്: കാസർഗോഡ് ജില്ലയിലെ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്ന സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് എടുക്കുന്ന വായ്പയുടെ പലിശ നിരക്കിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാസർഗോഡ് ജില്ലയിൽ ധാരാളം വ്യവസായ പാർക്കുകളുള്ളതിനാൽ കെ.എസ്.ഐ.ഡി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് എടുക്കുന്ന വായ്പയിൽ പലിശയിളവ് നൽകുന്ന കാര്യത്തിൽ ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്.

(14) തോട്ടം മേഖലയിലെ ഭക്ഷ്യധാന്യ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: തോട്ടം മേഖലയിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം

ചെയ്യുന്നതിനായി സിഡ്കോ ആരംഭിച്ച സ്റ്റോറുകളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കണ്ണൻ ദേവൻ പ്ലാന്റേഷൻ ജീവനക്കാർക്കും തൊഴിലാളികൾക്കും അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി സിഡ്കോ ആരംഭിച്ച സ്റ്റോറിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതാണ്.

(15) ഐ.റ്റി. പാർക്ക്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കാസർഗോഡ് ജില്ലയിൽ ഐ.റ്റി. പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാസർഗോഡ് ഐ.റ്റി. പാർക്കിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊക്കെ ലഭിച്ചിട്ടുണ്ട്. ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 50000 ചതുരശ്ര അടിയുള്ള ഐ.റ്റി. കെട്ടിടത്തിന്റെ നിർമ്മാണം ഒന്നരവർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(16) പോലീസ് സേനാംഗങ്ങൾക്ക് പ്രോത്സാഹനം

ശ്രീ. എ. റ്റി. ജോർജ്: പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ മികവ്

തെളിയിക്കുന്നവർക്ക് മറ്റ് സംസ്ഥാനങ്ങളിൽ നൽകിവരുന്നതു പോലെയുള്ള പ്രോത്സാഹനം കേരളത്തിലെ വിജയികൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് വിജയിച്ച് സ്വർണ്ണ മെഡൽ, വെള്ളി മെഡൽ എന്നിവ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 1,00,000 രൂപയും 50,000 രൂപയും ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് വിജയിച്ച് സ്വർണ്ണ മെഡൽ, വെള്ളി മെഡൽ എന്നിവ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം രണ്ടുലക്ഷം രൂപയും ഒരുലക്ഷം രൂപയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസ് ആസ്ഥാനത്തുനിന്ന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഡ്യൂട്ടി മീറ്റിൽ പങ്കെടുത്ത് മെഡൽ നേടുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ട ക്യാഷ് അവാർഡ് തുക നിശ്ചയിച്ച് അറിയിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുറ്റാന്വേഷണത്തിൽ മികവ് തെളിയിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഗുഡ് സർവ്വീസ് എൻട്രിയും മറ്റ് അംഗീകാരവും നൽകിവരുന്നുണ്ട്.

(17) യുവതികളുടെ ആത്മഹത്യ സംബന്ധിച്ച ദുരൂഹത

ശ്രീ. ബി. സത്യൻ: തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിൽ ഒരു കുടുംബത്തിലെ രണ്ട് യുവതികൾ ആത്മഹത്യ ചെയ്യാനിടയായ സംഭവത്തിൽ അന്വേഷണത്തിന് വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കിളിമാനൂർ പുതിയകാവ് ജാസ്മിൻ മൻസിലിൽ സൈനുദീന്റെ ഭാര്യയും മകളും ചെറുമക്കളും 29.11.2015-ൽ ആക്കുളം കായലിന് സമീപമെത്തുകയും ചെറുമകളെ കായലിൽ എറിഞ്ഞശേഷം മകളോടൊപ്പം ചാടുകയും ചെയ്തു. മറ്റ് രണ്ട് കുട്ടികളെ സ്ഥലത്തുണ്ടായിരുന്ന ആളുകൾ പിടിച്ചുമാറ്റി. പോലീസും ഫയർഫോഴ്സും ചേർന്ന് മൂവരെയും കരയ്ക്കെടുത്ത് ആശുപത്രിയിലെത്തിച്ചെങ്കിലും അവർ മരണപ്പെട്ടു. ഇതുസംബന്ധിച്ച് പേട്ട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ മറ്റൊരു മകൾ 30.11.2015-ന് പുലർച്ചെ റെയിൽവേ ട്രാക്കിൽ ട്രെയിൻ തട്ടി മരണപ്പെട്ട നിലയിൽ കാണപ്പെട്ടതുസംബന്ധിച്ച് പേട്ട പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആത്മഹത്യാ കുറിപ്പുകളിലും മരണമൊഴിയിലും പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ മൂന്നുപേരെ അറസ്റ്റ് ചെയ്തു. ശ്രീ. ബി. സത്യൻ എം.എൽ.എ.യും സൈനുദ്ദീനും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് കേസ് അന്വേഷണത്തെ ദോഷകരമായി ബാധിക്കും.

(18) ബി.എസ്.പി. നേതാവിനുനേരെയുണ്ടായ ആക്രമണം

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി മണ്ഡലത്തിലെ ബി.എസ്.പി. നേതാവ് ഗഫൂർ പുതുപ്പാടിയെ കാറിൽ നിന്നും വലിച്ചിറക്കി തീകൊളുത്തി കൊല്ലാൻ ശ്രമിച്ച സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 15.12.2015-ന് പുലർച്ചെ ഒരു മണിയോടെ കോഴിക്കോട് താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ എൻ.എച്ച്. റോഡിലൂടെ മാരുതിക്കാറിൽ സഞ്ചരിക്കുകയായിരുന്ന ബി.എസ്.പി.യുടെ സംസ്ഥാന വൈസ് പ്രസിഡന്റ് ഗഫൂർ പുതുപ്പാടിയെ നമ്പർ തിരിച്ചറിയാൻ കഴിയാത്ത ഒരു സ്കോർപ്പിയോ കാറിൽ വന്നവർ തടഞ്ഞുനിറുത്തി കൈകാലുകൾ കെട്ടിയിട്ട് പെട്രോൾ ഒഴിച്ച് കൊല്ലാൻ ശ്രമിക്കുകയും കാറിലുണ്ടായിരുന്ന മൂന്നുലക്ഷത്തി പതിനായിരം രൂപ കവർച്ച ചെയ്യുകയും ചെയ്ത സംഭവത്തിൽ താമരശ്ശേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സംഭവത്തിൽ ദുരൂഹതയുള്ളതായി സംശയിക്കുന്നു. ഇതുസംബന്ധിച്ച് താമരശ്ശേരി പോലീസ് സർക്കിൾ ഇൻസ്പെക്ടർ വിശദമായ

അന്വേഷണം നടത്തുന്നതാണ്.

(19) വിദ്യാർത്ഥിനികളെ പീഡിപ്പിച്ച സംഭവം

ശ്രീ. ചിറ്റയം ഗോപകുമാർ: ദളിത് വിഭാഗത്തിൽപ്പെട്ട രണ്ട് പെൺകുട്ടികളെ കെട്ടിയിട്ട് പീഡിപ്പിച്ച സംഭവത്തെക്കുറിച്ച് സ്പെഷ്യൽ ടീമിനെക്കൊണ്ട് അന്വേഷണം നടത്തുകയും പ്രതികളെ രക്ഷപ്പെടുത്താൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കടമ്പനാട് ഹൈസ്കൂളിൽ ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന രണ്ട് പെൺകുട്ടികളെ ഡിസംബർ 4, 5 തീയതികളിൽ വിഷ്ണു, ഹരിലാൽ, ശ്യാംരാജ് എന്നിവർ ചേർന്ന് പീഡിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ചൈൽഡ് ലൈൻ പത്തനംതിട്ട കോ-ഓർഡിനേറ്റർ ശ്രീ. ഡേവിഡ് റെജി മാത്യു 10.12.2015-ന് ഏനാത്ത് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നാലുപേരെ അറസ്റ്റ് ചെയ്യുകയും രണ്ടുപേർക്കായുള്ള തിരച്ചിൽ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികളെ അടൂർ താലൂക്ക് ആശുപത്രിയിൽ അയച്ച് മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കിയ ശേഷം തിരുവല്ല ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അയച്ച് മൊഴി

രേഖപ്പെടുത്തുകയും കോടതി ഉത്തരവിൻപ്രകാരം കോഴഞ്ചേരി മഹിളാ മന്ദിരത്തിൽ പാർപ്പിച്ചുവരികയും ചെയ്യുന്നു. അറസ്റ്റ് ചെയ്ത എല്ലാ പ്രതികളും റിമാന്റിലാണ്. ആഭ്യന്തര വകുപ്പിൽ നിന്നുള്ള നിർദ്ദേശപ്രകാരം തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. ശ്രീ. മനോജ് എബ്രഹാം നേരിട്ട് അന്വേഷണം നടത്തുകയും ഡിവൈ.എസ്.പി.യെ സ്ഥലം മാറ്റുകയും ചെയ്തു. ഐ.ജി.യുടെ റിപ്പോർട്ട് കിട്ടിയാലുടൻ തുടർനടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പ്രതികളെ സംരക്ഷിക്കുന്ന ഒരു നിലപാടും ഉണ്ടാകില്ലെന്നും ശക്തമായ നടപടി സ്വീകരിക്കുമെന്നും ഗവൺമെന്റ് ഉറപ്പുനൽകുന്നു. കേസ് അന്വേഷണം മോണിറ്റർ ചെയ്യാൻ തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (20) <u>പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: നെന്മാറ മണ്ഡലത്തിലെ പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീം ഉദ്ഘാടനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): പലകപ്പാണ്ടി മിനി ഡൈവേർഷൻ സ്കീമിന്റെ നാലാമത്തെ റീച്ചിന്റെ പണി കരാറുകാരൻ ഉപേക്ഷിച്ചുപോയതിനാൽ പുതിയ കരാറുകാരന് നൽകുകയും ഇപ്പോൾ പണി ഏകദേശം പൂർകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണിടിച്ചിൽ തടയാനുള്ള വർക്ക്

നടന്നുകൊണ്ടിരിക്കുകയാണ്. 2016 ഫെബ്രുവരി മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

(21) ക്ഷേമപെൻഷൻ കുടിശ്ശിക

ശ്രീ. കെ. രാധാകൃഷ്ണൻ: കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ കൃത്യമായി നൽകുന്നുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വച്ച് മറ്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. സർക്കാർ ധനസഹായം ലഭ്യമായാലും തൊഴിലാളിവിഹിതവും ഭൂവുടമാ വിഹിതവും വലിയ തോതിൽ വർദ്ധിപ്പിക്കാതെ ക്ഷേമനിധിബോർഡിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. അതിനുള്ള പ്രൊപ്പോസൽ തൊഴിൽ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

(22) എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് തൊഴിൽ ആനുകൂല്യങ്ങൾ

ശ്രീമതി ഗീതാ ഗോപി: തൃശ്ശൂരിൽ അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താനും നിയമാനുസൃതമുള്ള ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): മുന്നറിയിപ്പില്ലാതെ തൊഴിൽ സമയം മാറ്റിയത് ചോദ്യം ചെയ്ത തൊഴിലാളികളുടെ തൊഴിൽ നിഷേധിച്ചതു സംബന്ധിച്ച് യൂണിയൻ സമർപ്പിച്ച പരാതിയിന്മേൽ തൊഴിൽ വകുപ്പ് അനുരഞ്ജനശ്രമം നടത്തിയെങ്കിലും ധിക്കാരപരമായ സമീപനം സൊസൈറ്റി മാനേജ്മെന്റ് സ്വീകരിച്ചതിനാൽ അഡ്ജ്യൂഡിക്കേഷന് വിട്ടിരിക്കുകയാണ്. നിയമപരമായി ഈ വിഷയത്തിൽ ഇടപെടാൻ പരിമിതിയുണ്ട്. മിനിമം വേജസ് നിഷേധിച്ച കാര്യത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(23) എ. ബി. സി. ലൈനുകൾക്ക് ഭരണാനുമതി

ശ്രീ. മാത്യൂ റ്റി. തോമസ്: തിരുവല്ല പട്ടണത്തിൽ കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന 11 കെ.വി., എൽ.റ്റി. ഓവർഹെഡ് ലൈനുകൾക്ക് പകരം എ. ബി. സി. ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): തിരുവല്ല പട്ടണത്തിൽ ആർ.എ.പി.ഡി.ആർ.പി.(Restructured Accelerated Power Development and Reforms Programme) സ്കീമിൽപ്പെടുത്തി 11 കെ.വി., എൽ.റ്റി. ഓവർഹെഡ് ലൈനുകൾക്ക് പകരം എ. ബി. സി. ലൈനുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ വിളിച്ചിരുന്നുവെങ്കിലും സിംഗിൾ ടെണ്ടറായതുകാരണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. പദ്ധതി നടപ്പാക്കേണ്ട കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (24) മൂർക്കനാട് സർക്കാർ സ്കൂൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: മൂർക്കനാട് പഞ്ചായത്തിൽ എൽ.പി. തലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള ഒരു സ്കൂൾ അനുവദിക്കുന്നതിന് നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടക്കുന്ന സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ സ്കൂളുകൾ അനുവദിക്കുകയോ ചെയ്യരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ മാപ്പിംഗ് നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മങ്കട നിയോജക

മണ്ഡലത്തിലെ മൂർക്കനാട് പഞ്ചായത്തിൽ എൽ.പി. തലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(25) ഭിന്നശേഷിയിൽപ്പെട്ട വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഭിന്നശേഷിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് പത്തനംതിട്ട ജില്ലയിലെ കടമ്പനാട് സെന്റ് തോമസ് ഹൈസ്കൂളിൽ പത്താം ക്ലാസ്സിൽ പ്രവേശനം നിഷേധിച്ച സംഭവം അന്വേഷിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഏഴാം ക്ലാസ്സ് വരെ കടമ്പനാട് സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ പഠിച്ചിരുന്ന പ്രത്യേക പരിരക്ഷ അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മാസ്റ്റർ അഖിൽ ബി. കൃഷ്ണൻ എന്ന വിദ്യാർത്ഥി അവിടെ നിന്നും മാറ്റം വാങ്ങി കൊല്ലത്തും തിരുവനന്തപുരത്തുമുള്ള സ്കൂളുകളിൽ പ്രവേശനം തേടുകയും സ്കൂളിൽ നിന്നും ഒളിച്ചോടി റെയിൽവേ പോലീസിന്റെ പിടിയിലാകുകയും ജുവനൈൽ ഹോമിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. പിന്നീട് ഈ വിദ്യാർത്ഥി വീണ്ടും ആദ്യം പഠിച്ച സ്കൂളിൽ പത്താം ക്ലാസ്സിലേയ്ക്ക് പ്രവേശനം ആവശ്യപ്പെട്ടുവെങ്കിലും അത് നിരസിച്ചെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തുകയും കുട്ടിയെ സ്കൂളിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി.സി.-യും മറ്റ്

അനുബന്ധരേഖകളുമായി സ്കൂൾ അധികൃതരെ സമീപിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥിയെ നിർബന്ധമായും സ്കൂളിൽ പ്രവേശിപ്പിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(26) <u>വന്യമൃഗശല്യം തടയലും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> മണ്ണാർക്കാട് താലൂക്കിലെ വന്യമൃഗശല്യം തടയുന്നതിനും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരമായി മണ്ണാർക്കാട് ഡിവിഷനിൽ ഈ സാമ്പത്തിക വർഷം 29.46 ലക്ഷം രൂപയും സൈലന്റ്വാലി ഡിവിഷനിൽ 9 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16-ൽ ഇതുവരെ ലഭിച്ച 75 അപേക്ഷകരിൽ 54 പേർക്ക് 16.6 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ബാക്കിയുള്ളവർക്കും ഉടൻതന്നെ നഷ്ടപരിഹാരം നൽകുന്നതാണ്.

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കെതിരായ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

## (27) ഡോ. അയ്യപ്പൻ കമ്മിറ്റിയിലെ പ്രതിനിധികൾ

ശ്രീ. ടി. എൻ. പ്രതാപൻ: മത്സ്യനയം ആവിഷ്കരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച ഡോ. അയ്യപ്പൻ കമ്മിറ്റിയിൽ സംസ്ഥാന സർക്കാരിന്റെയും തൊഴിലാളി സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ദേശീയ സമുദ്ര മത്സ്യമേഖലാ നയം ആവിഷ്കരിക്കുന്നതിനായി ഡോ. അയ്യപ്പൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന ഔദ്യോഗിക അറിയിപ്പുകൾ ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടില്ല. രാജ്യത്തെ സമുദ്ര മത്സ്യ ഉല്പാദനത്തിൽ നാലാം സ്ഥാനക്കാരായ കേരളത്തിന് ദേശീയ സമുദ്ര മത്സ്യമേഖലാ നയരൂപീകരണത്തിൽ വലിയൊരു പങ്കുവഹിക്കേണ്ടതായിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ പ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും

നിവേദനം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന രീതിയിലുള്ള എന്തെങ്കിലും തീരുമാനം ഇക്കാര്യത്തിലുണ്ടായാൽ സംസ്ഥാന ഗവൺമെന്റ് ശക്തമായി ഇടപെടുന്നതാണ്.

(28) പുതിയ സ്കൂൾ കെട്ടിടം

ശ്രീ. എ. കെ. ബാലൻ: കോട്ടായി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള റീ-ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കോട്ടായി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ ലഭിച്ച കരാറുകാരൻ കരാറെടുക്കാത്തതിനാൽ റീ-ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(29) ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തൽ

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമായ ബൈപ്പാസിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന്

നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കാലാവധി അവസാനിച്ച പ്രസ്തുത ബൈപ്പാസിന്റെ ഭരണാനുമതി നീട്ടിനൽകുന്നതാണ്. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്താലുടൻതന്നെ ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(30) ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൊന്നാനി നഗരത്തിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമായ ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 2001-ൽ ആരംഭിച്ച പൊന്നാനി മണ്ഡലത്തിലെ കർമ്മ ബൈപ്പാസിന്റെ 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ അഭാവംമൂലമാണ് നിർമ്മാണം വൈകുന്നതെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ രണ്ടാംഘട്ട പ്രവൃത്തിക്കായി 34 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി

നൽകുന്നതാണ്.

(31) എൻ.എച്ച്. റോഡിന്റെ പ്രവൃത്തി

ശ്രീ. എം. പി. വിൻസെന്റ്: സ്ഥലമേറ്റെടുക്കൽ പൂർത്തിയായ എൻ.എച്ച്.47-ലെ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിനും നിലവിലുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പ്രദേശവാസികളുടെ എതിർപ്പും പ്രവൃത്തി ഏറ്റെടുത്ത നിർമ്മാണ കമ്പനിയുടെ സാമ്പത്തിക ബുദ്ധിമുട്ടും കാരണമാണ് എൻ.എച്ച്. 47-ൽ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഭാഗത്തെ റോഡ് നിർമ്മാണത്തിന് കാലതാമസം നേരിട്ടത്. പ്രസ്തുത റോഡിന്റെ നിർമ്മാണം 2017 മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ആറുവരിപ്പാത പൂർത്തിയാകുന്നതുവരെ നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കൺസ്ട്രക്ഷൻ കമ്പനിയെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(32) കോമളം അഗസ്ത്യക്കോട്-വടമൺ-ഏറം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. രാജു: കോമളം-അഗസ്ത്യക്കോട്-വടമൺ-ഏറം റോഡിലുള്ള കലുങ്ക് പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കോമളം-അഗസ്ത്യക്കോട്-വടമൺ-ഏറം റോഡിലുള്ള കലുങ്ക് പുനർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(33) ആർ.എഫ്. റോഡുകൾ

ശ്രീ. വർക്കല കഹാർ: പാരിപ്പള്ളി-വർക്കല റോഡിന്റെ ജീർണ്ണാവസ്ഥ പരിഹരിച്ച് റീ-സർഫസിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സി.ആർ.എഫ്. (സെൻട്രൽ റോഡ് ഫണ്ട്) ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് റീ-സർഫസിംഗ് നടത്താൻ നിലവിൽ പ്രൊവിഷനില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രസ്തുത റോഡ് റീ-സർഫസിംഗ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(34) കൊല്ലാട്ട്-ഇട്ടി അച്യുതൻ വൈദ്യർക്ക് സ്മാരകം

ശ്രീ. പി. തിലോത്തമൻ: ഹോർത്തൂസ് മലബാറിക്കസിന്റെ

ഗ്രന്ഥരചനയിൽ മുഖ്യപങ്ക് വഹിച്ച കൊല്ലാട്ട് ഇട്ടി അച്യുതൻ വൈദ്യരുടെ ജന്മഗൃഹവും കുര്യാലയ ഔഷധ സസ്യക്കാവും ഉൾപ്പെടുന്ന സ്ഥലം സർക്കാർ ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ കെ. സി. ജോസഫ്): സംരക്ഷണസ്മാരകമായി പ്രഖ്യാപിച്ച ഇട്ടിയച്ചൻ വൈദ്യൻ കുര്യാലയും ഔഷധസസ്യക്കാവും ശാസ്ത്രീയമായി സംരക്ഷിക്കുവാനുള്ള നടപടി പുരാവസ്തുവകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥലം അതിന്റെ അനന്തരാവകാശിയിൽ നിന്നും ഏറ്റെടുത്ത് സ്മാരകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(35) ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: ക്ഷീരസഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ കെ. സി. ജോസഫ്): ക്ഷീര സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതി

ജീവനക്കാരുടെ സംഘടനകൾ ഉൾപ്പെടെയുള്ളവർ സമർപ്പിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കുകയും ക്ഷീരവികസന വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മിൽമാ പ്രതിനിധികളുമായും ജീവനക്കാരുമായും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത, കുടിശ്ശിക എന്നിവ കണക്കാക്കി ക്ഷീരസംഘം പ്രതിനിധികൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### (36) <u>മുൻപഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: മുൻത്രിതല പഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷനും ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം.കെ. മുനീർ</u>): സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന മുൻ പഞ്ചായത്തംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷന് പ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിന് എല്ലാ സാമ്പത്തിക

വർഷവും തുക സംഭാവന ചെയ്യുന്ന മുൻ പഞ്ചായത്തംഗങ്ങളെ പ്രസ്തുത പദ്ധതിയിൽപെടുത്തി പരിരക്ഷ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് സർക്കാർ ഓഫീസുകളിൽ സുഗമമായി പ്രവേശിക്കുന്നതിന് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഇവർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച ഫയൽ ക്യാബിനറ്റിന്റെ പരിഗണനയിലാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

(37) കെട്ടിട നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും

ശ്രീ. അൻവർ സാദത്ത്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് നമ്പരും കൈവശാവകാശ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഗ്രാമപഞ്ചായത്തുകളിൽ നൽകിയ ബിൽഡിംഗ് പെർമിറ്റിനനുസൃതമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## (38) ഗുരുവായൂർ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. കെ.വി അബ്ദുൾ ഖാദർ: തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിനെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനും ഗുരുവായൂരിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഗുരുവായൂരിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയാണ്. ഭക്തജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 100 കോടി രൂപ ചെലവ് വരുന്ന ക്യൂ കോംപ്ലക്സും 25 കോടി രൂപ ചെലവ് വരുന്ന മൾട്ടി ലെവൽ കാർപാർക്കിംഗും നിർമ്മിക്കുന്നതിന് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചെങ്കിലും ക്ഷേത്രത്തിന്റെ നൂറ് മീറ്റർ ചുറ്റളവിൽ ക്ഷേത്രവികസനവും തീർത്ഥാടകർക്കുള്ള സൗകര്യങ്ങളുമല്ലാത മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവിന് വിധേയമായി കേന്ദ്ര സർക്കാരിന്റെ പ്രസാദം സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ നഗര വികസന മന്ത്രാലയത്തിനു കീഴിലുള്ള അമൃത് പദ്ധതിയിലും ഗുരുവായൂരിനെ

ഉൾപ്പെടുത്തിയിട്ടുണ്ട്.

(39) പി.എച്ച്.സി. യെ സി.എച്ച്.സി. ആക്കൽ

ശ്രീ. പി.കെ. ബഷീർ: ഏറനാട് നിയോജകമണ്ഡലത്തിൽ കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): രണ്ട് കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന കുഴിമണ്ണ പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(40) ആദിവാസി വിഭാഗത്തിന് ചികിത്സയും ധനസഹായവും നിഷേധിക്കൽ

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആദിവാസി ജനവിഭാഗങ്ങൾക്കുള്ള സൗജന്യ ചികിത്സയും ധനസഹായവും നിഷേധിച്ചതിനെതിരെ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സകഴിഞ്ഞു മടങ്ങിപ്പോകുന്ന ആദിവാസി വിഭാഗത്തിലെ രോഗികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം

ആമ്പുലൻസ് സൗകര്യവും മറ്റ് ദിവസങ്ങളിൽ ഡിസ്ചാർജ് ലഭിക്കുന്നവർക്ക് യാത്രാപ്പടിയും കൂട്ടിരിപ്പുകാർക്ക് 200 രൂപയും ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലാ ട്രൈബൽ ഓഫീസർമാരുടെ യോഗം വിളിച്ച് എല്ലാ ദിവസവും ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ആദിവാസികൾക്ക് ചികിത്സാ സൗകര്യം, ചികിത്സാ സംബന്ധമായ തുടർചികിത്സ ധനസഹായം എന്നിവയ്ക്കായി പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഇന്നലെ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെ ഈ ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന ആദിവാസികളായ രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടർമാരെ ഒ.പി.യിൽ കാണുന്നതിനുള്ള പ്രത്യേകസംവിധാനം ഏർപ്പെടുത്തുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## ക്രമപ്രശ്നം

### ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാത്തത് സംബന്ധിച്ച്

<u>ശ്രീ. എ.കെ. ബാലൻ:</u> നിയമസഭയിൽ മെമ്പർമാർ ഉന്നയിക്കുന്ന പല ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പിൽനിന്നും മറുപടി ലഭിച്ചാലും മന്ത്രിമാർ ഉത്തരം നൽകുന്നില്ല. ഉത്തരം നൽകിക്കഴിഞ്ഞാൽ അവ ഗവൺമെന്റിനെതിരായി ഉപയോഗിക്കുമെന്നുകരുതി പൂഴ്ത്തി വയ്ക്കുകയും വിവരം ശേഖരിച്ചുവരുന്നു എന്നുള്ള മറുപടിയുമാണ് നൽകുന്നത്. ചോദ്യങ്ങൾക്ക് ശരിയായ മറുപടി ലഭിക്കേണ്ടത് അംഗങ്ങളുടെ ഭരണഘടനാപരമായ അവകാശമാണ്. ഉത്തരങ്ങൾ നൽകാതിരിക്കുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. ഇക്കാര്യം സംബന്ധിച്ച് ബഹു. സ്പീക്കർ റൂളിംഗ് നൽകണം.

## റൂളിംഗ്

<u>മി. സ്പീക്കർ:</u> നിയമസഭയിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് മന്ത്രിമാരുടെ കടമയും ഉത്തരം ലഭിക്കുക എന്നത് മെമ്പർമാരുടെ അവകാശവുമാണ്. ബന്ധപ്പെട്ട മന്ത്രിമാർ ആവശ്യമായ മറുപടി കൊടുത്തേ മതിയാകൂ. മറുപടി നൽകുന്നതിനാവശ്യമായ സമയം മന്ത്രിമാർക്ക് നൽകുന്നുണ്ട്. ഇതിൽ വീഴ്ച വരരുതെന്ന് ചെയർ പ്രത്യേകം എടുത്തുപറയുന്നു. ഈ സഭാ സമ്മേളനത്തിൽ അനുവദിച്ച 330 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. നക്ഷത്ര ചിഹ്നമിടാത്ത 3844 ചോദ്യങ്ങളിൽ 1622 എണ്ണത്തിന് നിശ്ചിത തീയതിക്ക് മുൻപ്

മറുപടി ലഭിച്ചിട്ടുണ്ട്. 1771 ചോദ്യങ്ങൾക്ക് പിന്നീട് മറുപടി ലഭിക്കുകയും അവ വൈകി കിട്ടിയ ഉത്തരമായി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഉത്തരം ലഭിക്കാനുള്ളത് 781 ചോദ്യങ്ങൾക്കാണ് ഇത് ശരിയല്ല. ബഹുമാന്യരായ അംഗങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചെയർ കർശന നിർദ്ദേശം നൽകുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ബോധപൂർവ്വമായി ഒരു വീഴ്ചയും വരുത്തിയിട്ടില്ല. വകുപ്പിൽനിന്നും വിവരം ലഭിക്കാൻ വൈകുന്നതുമൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ബഹു. സ്പീക്കറുടെ നിർദ്ദേശത്തെ ഗൗരവത്തോടെ സ്വീകരിക്കുന്നു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ്

(നിയന്ത്രണവും വികസനവും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഫ്ലാറ്റ് ഉടമകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അനധികൃത ഫ്ലാറ്റ് നിർമ്മാണം നടത്തി ഉപഭോക്താക്കളെ വഞ്ചിക്കുന്ന ബിൽഡർമാരെ നിയന്ത്രിക്കുന്നതിനുമൊപ്പം മാനദണ്ഡങ്ങൾ പാലിച്ച് നിയമാനുസൃത ഫ്ലാറ്റ് നിർമ്മാണം നടത്തുന്ന ബിൽഡർമാരെ സംരക്ഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഗുണനിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുക, നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിടം ഉടമകൾക്ക് കൈമാറാതിരിക്കുക, കരാറിൽ പറഞ്ഞിട്ടുള്ളതിൽനിന്നും വ്യത്യസ്തമായി പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റങ്ങൾ

വരുത്തുക തുടങ്ങി നിരവധി പരാതികൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ അത്തരം നിർമ്മാതാക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സർക്കാരിനും കോർപ്പറേഷനും വരുമാനം ലഭ്യമാക്കുന്ന ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുള്ള വ്യവസ്ഥകളും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇൻഡ്യയിലാദ്യമായി സംസ്ഥാനത്ത് കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ പാസ്സാകുന്നതോടുകൂടി ഭൂമാഫിയകൾക്കും ഫ്ലാറ്റ് മാഫിയകൾക്കും സംരക്ഷണം നൽകുന്ന ഒരു ബില്ലായി മാറുമോയെന്ന സംശയം നിലനിൽക്കുകയാണ്. റിയൽ എസ്റ്റേറ്റ് രംഗത്തുള്ള ബ്രോക്കർമാരെയും ഏജന്റുമാരേയും കുറിച്ച് യാതൊരു പരാമർശവും നടത്താതെ നഗരപ്രദേശങ്ങളിലെ ഫ്ലാറ്റുകളെ കേന്ദ്രീകരിച്ചുള്ള പ്രശ്നങ്ങൾ മാത്രമാണ് ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. റിയൽ എസ്റ്റേറ്റിലൂടെ വഞ്ചിച്ചവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും ശിക്ഷയെ സംബന്ധിച്ചും ഈ ബില്ലിൽ വ്യക്തതയില്ല. കെട്ടിടത്തിന് രണ്ടുവർഷത്തിനിടയിൽ കേടുപാട് സംഭവിച്ചാൽ

നന്നാക്കുമെന്നുള്ളത് അഞ്ച് വർഷമെന്നാക്കണം. റിയൽ എസ്റ്റേറ്റ് മേഖലയുടെ പ്രോത്സാഹനത്തിനുവേണ്ടി അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന എന്തും ചെയ്യാൻ അധികാരം കൊടുക്കുന്നത് ശരിയല്ല. ഫ്ലാറ്റ് പ്രമോട്ടർമാരുമായി ബന്ധപ്പെട്ടോ കെട്ടിടങ്ങളുമായി ബന്ധപ്പെട്ടോ അതോറിറ്റി സർക്കാരിന് ഇഷ്ടമില്ലാത്ത തീരുമാനമെടുത്താൽ അതിന്മേൽ ഇടപെടാനും നിർദ്ദേശം നൽകാനും സർക്കാരിന് അനുവാദം കൊടുക്കുകയാണ് ഇതിലൂടെ ചെയ്തിരിക്കുന്നത്. പ്രായോഗികമാകുന്നിടത്തോളം യുക്തമാകുന്നിടത്തോളം എന്നൊക്കെ നിയമത്തിൽ എഴുതുമ്പോൾ പലതരം വ്യാഖ്യാനങ്ങൾക്ക് സാധ്യതയുണ്ട്. നഗരങ്ങളിലെ അനധികൃത നിർമ്മാണങ്ങൾമൂലം ഗതാഗതപ്രശ്നങ്ങൾ നേരിടുന്നതായ റിപ്പോർട്ടിൻമേൽ ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. റിയൽ എസ്റ്റേറ്റുകാരെ നിയന്ത്രിക്കുന്ന കാര്യത്തിൽ പരാതിയുണ്ടെങ്കിൽ മാത്രം വെരിഫിക്കേഷൻ മതിയെന്ന് തീരുമാനിച്ചത് അഴിമതിക്ക് കൂട്ടുനിൽക്കാനാണ്. മണ്ണ്, ജലം, തോട്ടം എല്ലാം മാഫിയകൾക്ക് നൽകുന്നതിനുള്ള ഗൂഢാലോചനയാണ് ഈ ബില്ലിലൂടെ നടക്കുന്നത്. ജലസ്രോതസ്സുകളെ നശിപ്പിച്ചുകൊണ്ട് മണ്ണിട്ടുനികത്തൽ നടക്കുകയാണ്. ഭൂപരിഷ്കരണത്തെ അട്ടിമറിക്കുന്ന രീതിയിൽ തോട്ടം ഭൂമി ടൂറിസം വ്യവസായത്തിന് കൊടുക്കാൻ തിരുമാനിച്ചു. അനധികൃത

കെട്ടിടങ്ങൾ പണം വാങ്ങി റഗുലറൈസ് ചെയ്യു. നിയമവ്യവസ്ഥയോട് കാണിക്കുന്ന ഈ സമീപനത്തിന് കേരളജനതയോട് ഉത്തരം പറയേണ്ടിവരും.

ശ്രീ കെ. വി. വിജയദാസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് ബിൽ റിയൽ എസ്റ്റേറ്റ് കച്ചവടക്കാരെയും റിയൽ എസ്റ്റേറ്റ് മാഫിയകളെയും പരസ്യമായി സഹായിക്കുന്നതിനുള്ള ലൈസൻസെടുക്കലാണ്. ഭൂമിയുടെ വില നിയന്ത്രിക്കുന്നതിനുള്ള പ്രായോഗികമായ ഒരു നിർദ്ദേശവും ഈ ബില്ലിൽ ഇല്ല. റിയൽ എസ്റ്റേററ് മാഫിയകൾ പട്ടണ-ഗ്രാമ വ്യത്യാസമില്ലാതെ ഭൂമിയും കെട്ടിടങ്ങളും കയ്യടക്കിക്കൊണ്ട് വൻ ശക്തിയായി ഉയർന്നുവരികയാണ്. ഊഹക്കച്ചവടത്തെ നിയന്ത്രിക്കാൻ ഈ ബില്ലിൽ ഒരു വ്യവസ്ഥയുമില്ല. ഈ ബിൽ നിലവിൽ വരുന്നതോടുകൂടി ഹൗസിംഗ് സൊസൈറ്റികളിൽ താമസിക്കുന്ന സാധാരണക്കാരായ ആളുകളുടെ അവസ്ഥ അവതാളത്തിലാകും. കെട്ടിടം നിർമ്മിക്കുന്നതിനും വിൽപ്പന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി തയ്യാറാക്കിയ ഈ ബില്ലിൽ കെട്ടിടങ്ങളുടെ സുരക്ഷയെ കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ പുതിയ കെട്ടിടം പണിയണമെങ്കിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിദഗ്ദ്ധരില്ലാത്തതിനാൽ

കെട്ടിടത്തിന്റെ ഉടമസ്ഥൻ സ്വയം സർട്ടിഫിക്കറ്റ് എഴുതുന്നതിലൂടെ യാതൊരു സുരക്ഷയുമില്ലാതെ കെട്ടിടം നിർമ്മിക്കാമെന്ന അവസ്ഥ സംജാതമാകുകയാണ്. പട്ടണങ്ങളിലും നഗരങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ ഫ്ലാറ്റുകളുടെയും കെട്ടിടങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. നഗരസഭകളിലെ പൊതു ഭൂമിയെല്ലാം സ്വകാര്യ നിക്ഷേപകരുടെ കൈകളിലെത്തിക്കുന്നതിനുള്ള ഏജൻസിയായി ഗവൺമെന്റ് പ്രവർത്തിക്കുകയാണ്. ഇത് പുന:പരിശോധിക്കുകയും ഈ നടപടിയിൽ നിന്ന് ഗവൺമെന്റ് പിന്മാറുകയും ചെയ്യണം. കേരളത്തിന്റെ താൽപര്യത്തിനോ സാധാരണക്കാരന്റെ സുരക്ഷയ്ക്കോ ഒരു തരത്തിലുമുള്ള പ്രാധാന്യം നൽകാത്ത ഈ നിയമം പിൻവലിക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഗുണഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും അവർക്കുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചെങ്കിലും ബില്ലിലെ ഉദ്ദേശ്യ കാരണങ്ങളുടെ വിവരണത്തിൽ ഗുണഭോഗക്താക്കളെക്കുറിച്ചോ ഉപഭോക്താക്കളെക്കുറിച്ചോ അവരുടെ അവകാശത്തെക്കുറിച്ചോ യാതൊന്നും പരാമർശിച്ചിട്ടില്ല. ഭൂ മാഫിയയെ സഹായിക്കുന്ന നടപടിയാണ് ഈ ബില്ലിലൂടെ സ്വീകരിച്ചുവരുന്നത്. ആയതിനാൽ യുക്തമായ ഭേദഗതികൾ വരുത്തി ബിൽ

അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: കേരളത്തിന്റെ എല്ലാ മേഖലകളിലും റിയൽ എസ്റ്റേറ്റ് മാഫിയ സ്വാധീനം ചെലുത്തുകയും ശക്തിപ്രാപിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അവതരിപ്പിക്കുന്ന ബിൽ എന്ന നിലയിൽ ഇതിന്റെ പോരായ്മകളെക്കുറിച്ചും ഫലപ്രദമായി നടപ്പിലാക്കുന്നതിനെക്കുറിച്ചും സമൂഹത്തിൽ വിശദമായ ചർച്ച നടത്തണം. ജനപ്രതിനിധികളോ മുനിസിപ്പാലിറ്റി - നഗരസഭാ കൗൺസിലർമാരോ വിചാരിച്ചാൽ നടക്കാത്ത പല വികസന പ്രവർത്തനങ്ങളും നടത്താൻ കഴിയുന്ന വിധത്തിൽ സ്വാധീനം ചെലുത്താൻ റിയൽ എസ്റ്റേറ്റ് മാഫിയകൾക്കും അവരുടെ ഏജന്റുമാർക്കും കഴിയുന്നുണ്ട്. ഗ്രാമീണമേഖലയിലെ കുന്നുകളും വയൽപ്രദേശങ്ങളും ക്വാറിമേഖലകളും തന്ത്രപൂർവ്വം കൈവശപ്പെടുത്തി ചൂഷണം നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളെയും അവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ബ്യൂറോക്രാറ്റുകളെയും നിയന്ത്രിക്കുന്ന വിധത്തിലുള്ള നിയമനിർമ്മാണം നടത്തുകയും ഫലപ്രദമായി നടപ്പിലാക്കുകയും വേണം. കെട്ടി ഉയർത്തപ്പെടുന്ന ഫ്ലാറ്റ് സമുച്ചയങ്ങളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഒരുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അനധികൃതമായ ഫ്ലാറ്റ് നിർമ്മാണങ്ങൾ

റെഗുലറൈസ് ചെയ്യുന്ന സർക്കാർ നിലപാട് അപലപനീയമാണ്. അനിയന്ത്രിത ഫ്ലാറ്റ് നിർമ്മാണങ്ങൾ കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ടോയെന്ന് ശാസ്ത്രീയമായ പഠനം നടത്തണം. കേരളത്തിന്റെ പരമ്പരാഗത നീരുറവകളും നീർച്ചാലുകളും വയലുകളും സംരക്ഷിക്കുന്നതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. സാധാരണക്കാരെ ചൂഷണം ചെയ്യുന്ന റിയൽ എസ്റ്റേറ്റുകാരെ നിയന്ത്രിക്കുക എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം. ഇടപാടുകളൊക്കെ ബാങ്കിലൂടെ നടപ്പാക്കുന്നത് നല്ല കാര്യമാണെങ്കിലും സുരക്ഷ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. സാധാരണ നിലയിലുള്ള ഒരു കെട്ടിടത്തിന്റെ സുരക്ഷിതത്വം 60 വർഷമാണ്. കടലോരങ്ങളിലുള്ള ഫ്ലാറ്റുകൾക്ക് കെട്ടിട പരിശോധന നടത്തി സുരക്ഷ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ ഭവന നിർമ്മാണം വലിയൊരു വ്യവസായമായി മാറിയിരിക്കുകയാണ്. കേരളത്തിൽ വീട് നിർമ്മാണത്തിനുള്ള ഏറ്റവും വലിയ പ്രശ്നം സ്ഥല ലഭ്യതക്കുറവും സ്ഥലത്തിന്റെ വിലക്കൂടുതലുമാണ്. സാധാരണക്കാർക്ക് വീട് ഒരു വലിയ പ്രശ്നമായി മാറിയ

സാഹചര്യത്തിലാണ് കേരളീയ സമൂഹം ഫ്ലാറ്റിലേക്ക് മാറിയത്. ജില്ലാ തലസ്ഥാനങ്ങൾ മുതൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകൾ വരെ ഇപ്പോൾ ഫ്ലാറ്റുകൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഫ്ലാറ്റ് നിർമ്മാണത്തിലും വിൽപ്പനയിലും നടക്കുന്ന തട്ടിപ്പുകൾ ഇല്ലായ്മ ചെയ്യുന്നതിനായി സമഗ്രമായ നിയമം വേണം. പണം കൊടുത്തതിനുശേഷം വർഷങ്ങളോളം ഫ്ലാറ്റ് കിട്ടാതെ ആളുകൾ അലഞ്ഞുതിരിയുന്ന സാഹചര്യം നിലനിൽക്കുന്ന കേരളത്തിൽ ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ടത് അത്യാവശ്യം തന്നെയാണ്. വെർട്ടിക്കലായി കെട്ടിടം നിർമ്മിച്ച് ജനങ്ങൾക്ക് താമസിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. ബില്ലിൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ഒരു ബിൽഡർ ഫ്ലാറ്റ് പണിയുന്നതിനുമുമ്പ് ഒരു നിശ്ചിത അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണം. അതിൽ വസ്തുവിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെ ബിൽഡിംഗിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും നൽകണം. ഓരോ പ്രൊമോട്ടറും പദ്ധതിയുടെ വിശദാംശങ്ങളടങ്ങിയ അപേക്ഷ നിർദ്ദിഷ്ട സർക്കാർ അധികാരികൾക്ക് സമർപ്പിക്കണം. എവിടെയാണോ പദ്ധതി പ്രാവർത്തികമാക്കുന്നത് ആ പ്രദേശത്തെ നിർമ്മാണത്തിന് തടസ്സമില്ലെന്ന സാക്ഷ്യപത്രവും പ്ലാനും എത്ര ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുക എന്നിവ ഉൾപ്പെടെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് നൽകണം. ഏജന്റുമാർ ആളുകളെ

കബളിപ്പിക്കുന്നതുകൊണ്ട് ആതറൈസ്ഡ് ഏജന്റിനെയും രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എൻ.ഒ.സി. ഉൾപ്പെടെയുള്ള അനുമതി പത്രങ്ങൾ കിട്ടുന്നതിന് സഹായിക്കാനും ഫ്ലാറ്റ് നിർമ്മാണത്തിന് ഇപ്പോൾ നിലവിലുള്ള ഏറ്റവും വലിയ തടസ്സമായ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാനും 8 മാസമെടുക്കും. ഒരു കൊമേഴ്സ്യൽ ബിൽഡിംഗ് പണിയുന്നതിന് കോൺട്രാക്റ്ററെ ഏൽപ്പിച്ചുകഴിഞ്ഞാൽ ലൈസൻസ് കിട്ടുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നു. ബിൽഡിംഗിനുവേണ്ടിയുള്ള എൻവയോൺമെന്റൽ ക്ലിയറൻസ്, ക്വാറി ലൈസൻസ്, എസ്കവേഷൻ എന്നിവയിലെല്ലാം അനാവശ്യമായ കാലതാമസം നേരിടുകയാണ്. പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരസ്യങ്ങളിൽ പറയുന്ന രീതിയിലുള്ള സൗകര്യങ്ങൾ കെട്ടിടത്തിനകത്തുണ്ടോ എന്ന കാര്യം പ്രത്യേകം പരിശോധിക്കണം. ഒരു ഫ്ലാറ്റ് പണിയുമ്പോൾ സുരക്ഷിതത്വം അത്യാവശ്യമാണ്. മാലിന്യനിർമ്മാർജ്ജനം, ഓപ്പൺ സ്പെയിസ്, മറ്റ് സൗകര്യങ്ങൾ ഇതൊക്കെ പരിശോധിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ഒരു റിയൽ എസ്റ്റേറ്റ് പ്രോജക്റ്റിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിട ഘടകങ്ങളുടെ എണ്ണം പന്ത്രണ്ടിൽ കവിയാത്തിടത്ത് എന്നതിന്റെ

വിശദീകരണത്തിൽ എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ അതിൽ വ്യക്തത വരുത്തണം. 'റിയൽ എസ്റ്റേറ്റ് പ്രോജക്ടിനുവേണ്ടി, കാലാകാലങ്ങളിൽ, അലോട്ട് ചെയ്യപ്പെട്ടവരിൽനിന്ന് ഈടാക്കിയ തുകയിൽനിന്നും എഴുപത് ശതമാനമോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള അതിലും കുറവായ ഒരു തുകയോ, ഒരു ഷെഡ്യൂൾഡ് ബാങ്കിൽ ഒരു പ്രത്യേക അക്കൗണ്ടിൽ, നിർമ്മാണ ചെലവിനായി അത് ഈടാക്കിയതിനുശേഷം പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ നിക്ഷേപിക്കുന്നതാണെന്നും, പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രമായി വിനിയോഗിക്കുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ടും,....' എന്ന് ബില്ലിൽ പറയുന്നതിൽ 'ഷെഡ്യൂൾഡ് ബാങ്കിൽ ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം' എന്നത് പുന:പരിശോധിക്കേണ്ടതാണ്. ബില്ലിൽ രജിസ്റ്റർ ചെയ്യൽ: എന്നതിൽ ഒരു അപേക്ഷ ലഭിച്ചാൽ ഏഴ് പ്രവൃത്തിദിവസങ്ങൾക്കകം മറുപടി കൊടുക്കണമെന്ന് പറയുന്നത് പ്രായോഗികമല്ലാത്തതിനാൽ അത് വർദ്ധിപ്പിക്കുന്നതായിരിക്കും ഉചിതം. ഒരു പ്രൊമോട്ടർ, അതത് സംഗതിപോലെ, പ്ലോട്ടിന്റെയോ കെട്ടിടത്തിന്റെയോ വിലയുടെ പത്ത് ശതമാനത്തിലധികം വരുന്ന തുക, മുൻകൂറായോ അപേക്ഷാ ഫീസായോ ഒരാളിൽനിന്നും, അങ്ങനെയുള്ള ആളുമായി വിൽപ്പനയ്ക്കായി രേഖാമൂലമുള്ള ഒരു കരാറിൽ ഏർപ്പെടാതെ

സ്വീകരിക്കുവാൻ പാടുള്ളതല്ല എന്നതും ന്യായമായ സമയത്തിനുള്ളിൽ പ്രൊമോട്ടർമാർ കേടുപാടുകൾ പരിഹരിച്ച് കൊടുക്കേണ്ടതാണെന്ന് പറയുന്നതിലും വ്യക്തത വരുത്തണം. അലോട്ട് ചെയ്യുന്ന ആൾ പണം കൊടുക്കാൻ താമസിച്ചാൽ, കരാറിലെ വ്യവസ്ഥ ലംഘിച്ചാൽ പലിശ കൊടുക്കാൻ ബാധ്യസ്ഥനാണെന്ന് ബില്ലിൽ പറയുന്നുണ്ട്. അത് എത്ര ശതമാനമാണെന്നുള്ളത് സ്പെസിഫൈ ചെയ്തിട്ടില്ല. ചെയർമാൻ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളും പങ്കെടുക്കുന്ന ഒരു യോഗത്തിൽ മാത്രമേ രജിസ്ട്രേഷൻ റദ്ദാക്കാൻ സാധിക്കുകയുള്ളൂവെന്ന് പറയുന്നത് അപ്രായോഗികമാണ്. അത് ചെയർമാൻ ഉൾപ്പെടെ ഭൂരിഭാഗം അംഗങ്ങളുമെന്ന് പറയുന്നതായിരിക്കും ഉചിതം. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിക്ക് ഒരു സെക്രട്ടറി വേണമെന്ന് മാത്രമല്ല അദ്ദേഹത്തിന് ചുമതലകൾ സ്പെസിഫൈ ചെയ്ത് നൽകുകയും വേണം. അതോറിറ്റിയുടെ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിന് ആ അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കണം. അപ്പലേറ്റ് ട്രൈബ്യൂണലിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ്-ന് പകരം ഡിസ്ട്രിക്ട് ജഡ്ജ്-നെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഹൈക്കോടതിയുടെയും ചീഫ് ജസ്റ്റിസിന്റെയും അനുമതിയോടുകൂടി മാത്രമേ അപ്പലേറ്റ് ട്രൈബ്യൂണലിൽ ആളുകളെ നോമിനേറ്റ് ചെയ്യാൻ സാധിക്കൂവെന്ന് പറയുന്നത് ശരിയല്ല. റിയൽ എസ്റ്റേറ്റ്

മേഖലയ്ക്കായി സമഗ്രമായ ഒരു നിയമം കൊണ്ടുവന്ന ഗവൺമെന്റിന്റെ നടപടി അഭിനന്ദനീയമാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: ഗവൺമെന്റ് തീരുമാനമെടുത്ത് നടപ്പാക്കേണ്ട കാര്യങ്ങളിൽപ്പോലും കോടതി ഇടപെടുന്ന അവസ്ഥ ഒഴിവാക്കണം. തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള ഇച്ഛാശക്തി ഗവൺമെന്റിനുണ്ടാകണം. ബിൽഡിംഗ് റൂൾ അനുസരിക്കാതെയുള്ള ഫ്ലാറ്റ് നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണം. ഫ്ളാറ്റ് നിർമ്മാണത്തിന്റെ പേരിൽ മുൻകൂർ തുക വാങ്ങി തട്ടിപ്പ് നടത്തുന്നത് അവസാനിപ്പിക്കുന്നതിനും കൊള്ളലാഭം കൊയ്യുന്ന ഫ്ളാറ്റ് നിർമ്മാതാക്കളെ നിലയ്ക്കുനിർത്തുന്നതിനും നടപടികളുണ്ടാകണം. ഈ രംഗത്തുള്ള അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരും യോജിച്ച് പ്രവർത്തിക്കണം. ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അനുമതി നൽകുന്നതിലുള്ള അനന്തമായ കാലതാമസം ഒഴിവാക്കുന്നതിനും പെർമിറ്റുകൾ നൽകുന്നതിന് സമയപരിധി നിശ്ചയിക്കുന്നതിനും നടപടിയുണ്ടാകണം. ഇൻഡ്യയിൽ തന്നെ ഈ വിഷയത്തിലുണ്ടാകുന്ന ആദ്യ നിയമനിർമ്മാണമെന്ന നിലയിൽ ഇതിലുള്ള അപാകതകൾ തിരുത്തി മുന്നോട്ടുപോകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റിയൽ എസ്റ്റേറ്റ് മേഖലയിൽ നിയമപരമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉണ്ടെങ്കിലും അമിതമായി പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യുന്നതുമൂലം ഭാവിയിലുണ്ടാകുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കാണാനുള്ള ശ്രമമുണ്ടായിട്ടില്ല. ഉത്തരാഖണ്ഡ്, ചെന്നൈ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കരുതൽ സംസ്ഥാനത്തുണ്ടാകണം. ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മലകൾ ഇടിച്ചുനിരത്തിയും കുളങ്ങളും നീരൊഴുക്കുകളും നികത്തിയുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ തടയുന്നതിനും നടപടിയുണ്ടാകണം. പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകരുത്. ആൾതാമസമില്ലാത്ത ഭവനങ്ങൾ വർദ്ധിച്ചുവരുന്നത് തടയണം. വയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനുള്ള നിയമത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത് ഭൂമാഫിയകളെ സഹായിക്കാനാണ്. കൃഷി ചെയ്യുന്നവർക്ക് മാത്രമേ വയലുകൾ കൈമാറാൻ പാടുള്ളൂവെന്ന നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തണം. റവന്യൂ വകുപ്പ് ഇറക്കിയ ചില ഉത്തരവുകൾ നിലവിൽ വന്നതോടെ പട്ടയ ഭൂമിപോലും

ഏതാവശ്യത്തിനും കൈമാറ്റം ചെയ്യാനാവുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. സ്വന്തമായി വീടില്ലാത്ത നാല് ലക്ഷം കുടുംബങ്ങൾ സംസ്ഥാനത്തുള്ളപ്പോൾ 14 ലക്ഷത്തോളം വീടുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): നിയമവിരുദ്ധമായി ചട്ടങ്ങൾ മറികടന്ന് നിർമ്മിച്ച കെട്ടിടങ്ങളെ ക്രമവത്ക്കരിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ബില്ലാണിത്. റിയൽ എസ്റ്റേറ്റ് മാഫിയകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ധൃതിപിടിച്ച് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. 2013 മാർച്ച് 31 വരെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്ക് സർക്കാർ നേരിട്ട് അനുമതി നൽകുമെന്നാണ് വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളെ നോക്കുകുത്തിയാക്കിയും ഹൈക്കോടതി ഉത്തരവിനെ അവഗണിച്ചുമാണ് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളെ ക്രമവത്ക്കരിക്കുന്നത്. പാറ്റൂരിൽ അനധികൃതമായി കയ്യേറിയ സ്ഥലത്താണ് ഫ്ലാറ്റ് നിർമ്മാണം നടക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ പിൻബലത്തോടുകൂടി റിയൽ എസ്റ്റേറ്റ് മാഫിയകൾ സംസ്ഥാനത്ത് തഴച്ചുവളരുകയാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങളെയും തീരദേശ പരിപാലന നിയമത്തെയും ഹൈക്കോടതി വിധിയെയും തൃണവൽക്കരിച്ചുകൊണ്ട് അനധികൃത കെട്ടിടനിർമ്മാണം നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളെ നിയമംമൂലം

നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): ബില്ലിന്റെ അന്ത:സത്തയെ ഉൾക്കൊള്ളാതെയാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചത്. കെട്ടിടങ്ങൾ വിൽപന നടത്തുമ്പോൾ കൃത്യമായ എഗ്രിമെന്റ് പ്രകാരമാകണമെന്നും രേഖകൾ മുഴുവൻ വാങ്ങുന്ന ആളിന് നൽകുന്നതിനും ലംഘിക്കപ്പെട്ടാൽ നിയമ നടപടി സ്വീകരിക്കുന്നതിനായി റെഗുലേറ്ററി അതോറിറ്റിയെ സമീപിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർമ്മാതാവും വാങ്ങുന്നയാളും എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താനാണ് ബിൽ കൊണ്ടുവരുന്നത്. വസ്തുവിൽപനക്കരാറിന്റെ വ്യവസ്ഥകൾ പ്രകാരമല്ലാതെ അലോട്ട്മെന്റ് റദ്ദ് ചെയ്യുകയാണെങ്കിൽ ട്രൈബ്യൂണലിൽ പരാതിപ്പെടാനും രണ്ട് വർഷത്തിനകമുണ്ടാകുന്ന തകരാറുകൾ പരിഹരിക്കാനും വാങ്ങുന്നവർക്ക് നഷ്ടം വന്നാൽ പലിശ സഹിതം തുക തിരിച്ചുനൽകാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നയപരമായ കാര്യങ്ങളിൽ മാത്രമാണ് സർക്കാരിന് നിർദ്ദേശം നൽകാൻ അധികാരമുള്ളത്. ബിൽഡിംഗ് രജിസ്ട്രേഷനുള്ള സമയം ഏഴ് എന്നുള്ളത് പതിനഞ്ച് ദിവസമാക്കി മാറ്റുന്നതാണ്. പുതിയ രീതിയിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി കേരളത്തിലെ നഗരപ്രദേശങ്ങളിലെ

വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(174) ഖണ്ഡം 2 (സി)-യിൽ, "ജോലിക്കു ഏർപ്പെടുത്തിയ" എന്നതിനുപകരം "സേവനത്തിനു നിയോഗിച്ചിട്ടുള്ള" എന്ന് ചേർക്കുക.

(229) ഖണ്ഡം 2(റ്റി)-യിൽ, "എഡ്യൂക്കേഷന്റെ" എന്ന വാക്കിനു പകരം "എഡ്യൂക്കേഷൻ"എന്ന വാക്ക് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ മാറ്റങ്ങളോടെ ഔദ്യോഗിക ഭേദഗതികളായി

അവതരിപ്പിച്ചു.

(175) ഖണ്ഡം 2(സി)-യിൽ, "ആവരണത്തോടുകൂടിയ ഗാരേജ്" എന്നതിനുപകരം "മേൽക്കൂരയോടുകൂടിയ ഗാരേജ്"എന്ന് ചേർക്കുക.

(208) ഖണ്ഡം 2(ഒ)-യിൽ,

(ii) ഇനം (iv)-ൽ, "ഇൻസിനറേറ്റർ" എന്ന വാക്കിനുശേഷം "മഴവെള്ള സംഭരണി, മാലിന്യ സംഭരണി" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

149, 150, 151, 152, 153, 154, 155, 157,158, 159, 160, 163, 164, 165, 166, 169, 170,171, 172, 173, 177, 178 , 179, 180, 181, 182, 183, 184, 185, 186, 188, 189, 190, 191, 193, 194, 195, 196 , 197, 198, 199, 201, 202, 203, 204, 205, 206, 207, 208, 209, 210, 211, 212, 213, 215, 218 , 220, 222, 223, 225 , 228, 231, 232, 233, 235, 237, 238, 239, 240, 241, 242, 243, 245, 246, 248,249 , 250, 251, 254, 255, 256, 259, 262, 263, 266, 267, 269, 270, 275, 276, 277, 279, 280, 282, 283, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(177) ഖണ്ഡം 2(ഡി)-യിൽ, “37-ാം വകുപ്പ് എന്നതിനു ശേഷം "(1)-ാം ഉപവകുപ്പ് എന്ന് ചേർക്കുക.

(179) ഖണ്ഡം 2(എഫ്)-ൽ, “എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

(193) ഖണ്ഡം 2(എൽ)-ൽ, “കാർപ്പെറ്റ്" എന്ന വാക്കിനു പകരം "കാർപെറ്റ്"എന്ന വാക്ക് ചേർക്കുക.

(202) ഖണ്ഡം 2(ഒ)-യിൽ, “ആളുകളുടെയും"എന്ന വാക്കിനു ശേഷം "പൊതുവായ" എന്ന വാക്ക് ചേർക്കുക.

(212)ഖണ്ഡം 2(ഒ)(iv)-ൽ, എന്നീ എന്ന വാക്കിനു പകരം "തുടങ്ങിയ" എന്ന വാക്ക് ചേർക്കുക.

(228) ഖണ്ഡം 2(റ്റി)-ൽ, “എഡ്യൂക്കേഷന്റെ" എന്ന വാക്കിനു പകരം "എഡ്യൂക്കേഷൻ"എന്ന വാക്ക് ചേർക്കുക.

(230) ഖണ്ഡം 2(റ്റി)-യിൽ, “എഡ്യൂക്കേഷന്റെ" എന്ന വാക്കിനു പകരം "എഡ്യൂക്കേഷൻ"എന്ന വാക്ക് ചേർക്കുക.

(231) ഖണ്ഡം 2(റ്റി)-യിൽ, “ഒരു ബിരുദമോ" എന്നതിനു പകരം "എഞ്ചിനീയറിംഗ് ബിരുദമോ" എന്നീ വാക്കുകൾ ചേർക്കുക.

(238) ഖണ്ഡം 2(എക്സ്)-ൽ, “ബന്ധിക്കപ്പെട്ട" എന്ന വാക്കിനു പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

(240) ഖണ്ഡം 2(എക്സ്)-ൽ, “ശാശ്വതമായി" എന്ന വാക്കിനു പകരം "സ്ഥിരമായി " എന്ന വാക്ക് ചേർക്കുക.

(241) ഖണ്ഡം 2(എക്സ്)-ൽ, “പുല്ലോ" എന്ന വാക്കിനു പകരം "തൃണവർഗ്ഗത്തിൽപ്പെട്ട ചെടികളോ" എന്നീ വാക്കുകൾ ചേർക്കുക.

(246) ഖണ്ഡം 2(ഇസഡ്)-ൽ, “വൃക്ഷം വളർത്തൽ" എന്നീ വാക്കുകൾക്ക് പകരം "വൃക്ഷസംരക്ഷണം " എന്ന വാക്ക് ചേർക്കുക.

(248) ഖണ്ഡം 2(ഇസഡ്)-ൽ, “വിദ്യാഭ്യാസം, ആരോഗ്യം എന്നീ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളും" എന്നതിന് പകരം "സാമൂഹ്യ ആവശ്യങ്ങളായ ആരോഗ്യം വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളും" എന്നീ

വാക്കുകൾ ചേർക്കുക.

(255) ഖണ്ഡം 2(എബി) ചുവടെ ചേർക്കുംപ്രകാരം മാറ്റുക:

"(എബി) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു."

(262) ഖണ്ഡം 2(എഎഫ്)-ന്റെ അവസാനം " എന്നിവ ഉൾപ്പെടുന്നതാകുന്നു " എന്ന് ചേർക്കുക.

(283) ഖണ്ഡം 2(എഎൽ)-ൽ, "ഏതാനുമോ" എന്ന വാക്കിനു പകരം " ഏതെങ്കിലുമോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(328) ഖണ്ഡം 3(3)(എച്ച്)-ൽ, "മറ്റ് ആളുകളുടെയും" എന്നീ വാക്കുകൾക്ക് പകരം " ബന്ധപ്പെട്ട എല്ലാ വിഭാഗക്കാരുടെയും " എന്നീ വാക്കുകൾ ചേർക്കുക.

(339) ഖണ്ഡം 3(3)(ഐ)(iv)-ൽ, "പതിനഞ്ച് ദിവസ കാലയളവിനുള്ളിൽ " എന്നീ വാക്കുകൾക്ക് പകരം " പത്ത് ദിവസകാലയളവിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

286, 288, 289, 290, 291, 292, 293, 294, 295, 296, 299, 300, 301, 306, 307, 311, 317, 318, 320, 323, 324, 326, 327, 329, 330, 333, 335, 337, 338, 340, 341, 342, 343, 344, 345 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(300) ഖണ്ഡം 3(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ " കാർപ്പറ്റ് " എന്നതിന് പകരം " കാർപെറ്റ് " എന്നത് ചേർക്കുക.

(323) ഖണ്ഡം 3(3)(ഇ)-യിൽ, "മാതൃക" എന്നതിന് പകരം " കരട് " എന്ന് ചേർക്കുക.

(324) ഖണ്ഡം 3(3)(എഫ്)-ൽ, "കാർപ്പെറ്റ്" എന്നതിന് പകരം " കാർപെറ്റ് " എന്ന് ചേർക്കുക.

(326) ഖണ്ഡം 3(3)(ജി)-യിൽ, "പേരുകളും വിലാസങ്ങളും " എന്നതിന് പകരം " പേരും, വിലാസവും,രജിസ്ട്രേഷൻ നമ്പരും " എന്നത് ചേർക്കുക.

(327) ഖണ്ഡം 3(3)(എച്ച്)-ൽ, "ആർക്കിടെക്റ്റ് " എന്നതിന് പകരം " ആർക്കിറ്റെക്റ്റ് " എന്ന് ചേർക്കുക.

(333) ഖണ്ഡം 3(3)(ഐ)(iii)-ൽ, "ഏകദേശകാലയളവ് " എന്നതിന് പകരം " നിശ്ചിത കാലയളവ് " എന്നത് ചേർക്കുക.

337-ാം നമ്പർ ഭേദഗതി 33-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

362. ഖണ്ഡം 4(2)-ൽ, "ഏഴ് പ്രവർത്തിദിവസങ്ങൾ" എന്നീ വാക്കുകൾക്കു പകരം "പതിനഞ്ചു ദിവസങ്ങൾ " എന്നീ വാക്കുകൾ ചേർക്കുക

346,350,351,353,354,355,356,357,359,364,365,366,367,369,371,373 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

350. ഖണ്ഡം 4(1)-ൽ, "ഏഴ് പ്രവർത്തി ദിവസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ചു ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

353. ഖണ്ഡം 4(1)(ബി)-യിൽ, "നിരസിക്കേണ്ടതും" എന്ന വാക്കിന് മുൻപിലായി ചേർത്തിരിക്കുന്ന "അപേക്ഷ" എന്ന വാക്ക് ഒഴിവാക്കുക.

354. ഖണ്ഡം 4(1)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ, "പറയുവാനുള്ളത്" എന്നതിനു ശേഷം "നിശ്ചിത ദിവസത്തിനുള്ളിൽ" എന്നത് ചേർക്കുക.

364. ഖണ്ഡം 4(2)-ൽ, "രണ്ട് ദിവസങ്ങൾക്കകം" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് ദിവസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

379. ഖണ്ഡം 5-ന്റെ 1-ാം ക്ലിപ്തനിബന്ധനയിൽ, "ഭൂരിപക്ഷം പേരുടേയും" എന്നതിനു ശേഷം "രേഖപ്പെടുത്തപ്പെട്ട" എന്ന വാക്ക് ചേർക്കുക.

375, 376,377,380 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി ഭാഗീകമായി സ്വീകരിച്ചു.

375. ഖണ്ഡം 5-ൽ,
(i) "നൽകിയിട്ടുള്ള" എന്ന വാക്കിനു മുൻപ് " പ്രമോട്ടർക്ക്" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

387. ഖണ്ഡം 6(1)(സി)(എ)(i)-ൽ "സൂചിപ്പിക്കുന്നതോ;" എന്ന വാക്കിനു പകരം "സൂചിപ്പിക്കുന്നതോ അങ്ങനെയുള്ള പ്രവർത്തനം നടത്തുന്നതോ;" എന്നീ വാക്കുകൾ ചേർക്കുക.

383, 384,389,390,391,393,394,395,396,397,398,399,401,402,403 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതികൾ  മന്ത്രി സ്വീകരിച്ചു.

389. ഖണ്ഡം 6(1)(സി)-യുടെ വിശദീകരണത്തിലെ (എ)(iii)-യ്ക്ക് ശേഷമുള്ള "എന്നിവ ചെയ്യുന്ന വാക്കാലോ രേഖാമൂലമോ ദൃശ്യപരമായ ആവിഷ്കാരത്തിലൂടെയോ പ്രസ്താവന നടത്തുന്ന പ്രവർത്തന രീതി" എന്നീ വാക്കുകൾക്ക് പകരം"എന്നിവ ചെയ്യുന്ന വാക്കാലോ, രേഖാമൂലമോ, ദൃശ്യ-ശ്രാവ്യ ആവിഷ്കാരത്തിലൂടേയോ പ്രസ്താവനയോ പ്രചാരമോ നടത്തുന്ന രീതി" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

391. ഖണ്ഡം 6(1) (സി)-യ്ക്ക് ശേഷം (ഡി) ആയി താഴെ പറയുന്നത് ചേർക്കുക:

"(ഡി) ഈ ആക്റ്റിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു

എന്ന്;"

395. ഖണ്ഡം 6(2)-ൽ, "നൽകുന്നപക്ഷവും" എന്നതിന് പകരം "നൽകാത്തപക്ഷവും" എന്നത് ചേർക്കുക.

399. ഖണ്ഡം 6(4)(എ)-യിൽ, "പേര്" എന്ന വാക്കിന് ശേഷം "അയാളുടെ പൂർണ്ണ മേൽവിലാസം ഉൾപ്പെടുന്ന വിശദവിവരം" എന്നീ വാക്കുകൾ ചേർക്കുക.

403. ഖണ്ഡം6(4)(ബി)-യിൽ "വികസനപ്രവർത്തനങ്ങൾ" എന്നതിനുശേഷം "സമയബന്ധിതമായി " എന്ന് ചേർക്കുക

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

409. ഖണ്ഡം 7-ൽ, "കൂടിയാലോചിക്കാവുന്നതാണ്" എന്നതിനുപകരം "കൂടിയാലോചിക്കാവുന്നതും സർക്കാർ തീരുമാനം അന്തിമവുമാണ്;" എന്നത് ചേർക്കുക.

404, 406, 407, 408, 410 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

406. ഖണ്ഡം 7-ൽ, "അതോറിറ്റിക്ക് " എന്ന വാക്കിനുമുൻപ് "കാര്യങ്ങൾ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

418. ഖണ്ഡം 8(4)-ൽ, "എന്തെങ്കിലും" എന്ന വാക്കിനു ശേഷം "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

411, 413, 414, 415, 416, 419, 420, 421, 423, 425, 426 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭാഗികമായി സ്വീകരിച്ചു.

413. ഖണ്ഡം 8(1)-ൽ,

(i) "വിൽപന നടത്തിക്കൊണ്ടിരിക്കുന്ന" എന്നതിനു പകരം "വിൽപന നടത്തിക്കൊണ്ടിരിക്കുന്നതോ വിൽപന നടത്താൻ ഉദ്ദേശിക്കുന്നതോ ആയ" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

416. ഖണ്ഡം 8(3)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ, "പറയുവാൻ" എന്ന വാക്കിനു ശേഷം "ഒരു അവസരം നൽകേണ്ടതും അപ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

419. ഖണ്ഡം 8(4)-ൽ, "അറിയിപ്പ്" എന്ന വാക്കിനു മുൻപായി "രേഖാമൂലമുള്ള" എന്ന വാക്ക് ചേർക്കുക.

420. ഖണ്ഡം 8(5)-ൽ, "നടത്തുന്ന" എന്നതിനു പകരം "പങ്കാളിയാകുന്ന" എന്നത് ചേർക്കുക.

425. ഖണ്ഡം 8(7)-ൽ, "സസ്പെൻന്റ്" എന്ന് വരുന്നിടത്തെല്ലാം ആയത് മാറ്റി "സസ്പെന്റ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

428, 429, 430, 432, 434, 435, 436, 437, 439, 440, 441 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

429. ഖണ്ഡം 9(എ)-യിൽ, "വില്പന നടത്തിക്കൊണ്ടിരിക്കുന്ന" എന്നീ

വാക്കുകൾക്ക് പകരം "വില്പന നടത്തിക്കൊണ്ടിരിക്കുന്നതോ വില്പന നടത്താൻ ഉദ്ദേശിക്കുന്നതോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

430. ഖണ്ഡം 9(എ)-യിൽ, "വില്പന നടത്തുവാനോ വാങ്ങുവാനോ" എന്നതിനു പകരം "ക്രയ വിക്രയം ചെയ്യാൻ" എന്നത് ചേർക്കുക.

432. ഖണ്ഡം 9(ബി)-യിൽ, "വച്ചുപോരേണ്ടതും സൂക്ഷിക്കേണ്ടതുമാണ് " എന്നതിന് പകരം "സൂക്ഷിക്കേണ്ടതും ക്ഷമതയുള്ള അധികാര സ്ഥാനമോ അതോറിറ്റിയോ ആവശ്യപ്പെടുമ്പോഴൊക്കെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ് " എന്നത് ചേർക്കുക.

435. ഖണ്ഡം 9(സി)(i)-ലെ ഇനം (ബി)-യിൽ,

(i) "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

(ii) "അഫിലിയേഷനോ" എന്നതിനു ശേഷം "രജിസ്ട്രേഷനോ" എന്നത് ചേർക്കുക.

436. ഖണ്ഡം 9(സി)(i)-ലെ ഇനം (ബി)-യിൽ, "ധരിപ്പിക്കുന്നതോ" എന്ന വാക്കിന് പകരം "അവകാശപ്പെടുന്നതോ" എന്നത് ചേർക്കുക.

437. ഖണ്ഡം 9(സി)(i)-ലെ ഇനം (സി)-യിൽ, "നടത്തുന്നതോ" എന്നതിനു ശേഷം വരുന്ന "ആയ" എന്ന വാക്ക് ഒഴിവാക്കുക.

440. ഖണ്ഡം 9(ഡി)-യിൽ, "പ്രമാണങ്ങളും" എന്നതിനുശേഷം "നിശ്ചിത തീയതിയ്ക്കകം" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

445. ഖണ്ഡം (10)(1)-ൽ, "ഒക്യൂപേഷൻ "എന്നതിനുപകരം "ഒക്യുപൻസി"എന്ന് ചേർക്കുക.

444, 447, 448, 450, 452, 453, 455, 456 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

453. ഖണ്ഡം 10(1)-ൽ, "രജിസ്റ്റർ ചെയ്യേണ്ടതും" എന്നതിന് ശേഷം

"നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

460. ഖണ്ഡം 11(1)(ഡി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് (ഇ) ആയി ചേർക്കുക. " (ഇ) പ്രമോട്ടർ ഏതെങ്കിലും ഏജന്റിനെ നിയോഗിക്കുകയാണ് എങ്കിൽ പ്രസ്തുത ഏജന്റിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ."

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 11(5)-ൽ ക്ലിപ്ത നിബന്ധനയിലെ 'ഏകപക്ഷീയമായ' എന്ന

വാക്ക് ഒഴിവാക്കണം.

457, 458, 459, 461, 462, 463, 464, 466,469, 470, 471, 473, 475 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

457. ഖണ്ഡം 11(1)-ൽ, “ ലഭിക്കുന്നതിൻമേൽ" എന്നതിന് "ലഭിച്ചുകഴിഞ്ഞാൽ " എന്നത് ചേർക്കുക.

462. ഖണ്ഡം 11(3)(ബി)-യിൽ, "വെള്ളം, ശുചീകരണം" എന്നീ വാക്കുകൾക്ക് പകരം "ജലവിതരണം, സാനിട്ടേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

464. ഖണ്ഡം 11(3)(ബി)-യിൽ, "പൂർത്തിയാക്കുന്ന" എന്നതിനു പകരം "ലഭ്യമാക്കുന്ന" എന്നത് ചേർക്കുക.

469. ഖണ്ഡം 11(4)(സി) താഴെപറയും പ്രകാരം മാറ്റുക:

"(സി) അലോട്ട് ചെയ്യപ്പെട്ടവരുടെ ഒരു അസോസിയേഷൻ രൂപീകരിച്ച് നിർണ്ണയിക്കപ്പെട്ട സമയത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്;"

475. ഖണ്ഡം 11(6)-ൽ, "വച്ചുപോരുകയും" എന്നതിനു ശേഷം

“ പരിശോധനയ്ക്ക് വിധേയമാക്കുകയും" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

476, 477 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

476. ഖണ്ഡം 12-ൽ,

(i) "പരസ്യത്തിലോ" എന്നതിനു മുൻപിലായി “ പ്രമോട്ടർ നൽകുന്ന" എന്നത് ചേർക്കുകയും "അടിസ്ഥാനത്തിൽ" എന്നതിന് പകരം "അടിസ്ഥാനത്തിലോ മറ്റേതെങ്കിലും രേഖാമൂലമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലോ" എന്നത് ചേർക്കുകയും ചെയ്യുക.

(ii) ഖണ്ഡം 12-ന്റെ ക്ലിപ്തനിബന്ധനയിലെ "പ്രോസ്പെക്റ്റസിലോ" എന്നതിനു ശേഷം "മറ്റേതെങ്കിലും രേഖകളിലോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

477-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

480, 481, 483, 485,486, 488, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

485. ഖണ്ഡം 13(1)-ൽ, "മുൻകൂറായോ" എന്നതിനുശേഷം "നിക്ഷേപമായോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

489, 490, 491, 492, 493, 494, 496, 497, 499, 500 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

499. ഖണ്ഡം 14(3)-ൽ, "ചാർജ്ജ് കൂടാതെ" എന്നതിനു പകരം "ചാർജ്ജ് ഈടാക്കാതെ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

501, 502, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

505, 506, 507, 508, 510 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

506. ഖണ്ഡം 16 (1)-ൽ, "അയാളുമായി" എന്ന വാക്ക് ഒഴിവാക്കുക.

507. ഖണ്ഡം 16 (1)-ൽ, "കരാറിൽ" എന്ന വാക്കിനുശേഷം "ഒരാളുമായി" എന്ന വാക്ക് ചേർക്കുക.

508. ഖണ്ഡം 16 (2)-ൽ, "ഒരാൾക്ക്" എന്നതിന് പകരം "അലോട്ട് ചെയ്യപ്പെട്ട ആൾക്ക്" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

512-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോ പിൻവലിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

514, 515, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

520, 521, 522, 523 എ, 525, 526, 527, 529, 530, 531, 533, 534, 535,

537 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

521. ഖണ്ഡം 19(2)-ൽ, " വെള്ളം" എന്ന വാക്കിനുപകരം " ജലവിതരണം" എന്നീ വാക്കുകൾ ചേർക്കുക.

530. ഖണ്ഡം 19(5)-ൽ, " കൈമാറിയതിനുശേഷം" എന്നതിന് പകരം " കൈമാറുമ്പോൾ " എന്നത് ചേർക്കുക.

534. ഖണ്ഡം 19(7)-ൽ, " അതിനായി" എന്ന വാക്കിനുശേഷം " നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള " എന്നീ വാക്കുകൾ ചേർക്കുക.

535. ഖണ്ഡം 19(8)-ൽ, " സമ്മതപ്രകാരം" എന്ന വാക്കിനുപകരം " സമ്മതപത്രപ്രകാരം " എന്നും വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>20-ാം വകുപ്പ്</u>

538, 540, 543, 545 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

543. ഖണ്ഡം 20(2)-ൽ, " കയ്യൊഴിക്കുവാനും" എന്നതിനുപകരം " കയ്യൊഴിയുവാനും " എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>21-ാം വകുപ്പ്</u>

547, 548, 549, 551, 552, 553, 555, 557 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

559, 560, 561, 562, 564, 567, 568, 571 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

573, 574, 577, 578, 578 എ എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

581, 582, 583 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

586-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം വകുപ്പ്</u>

587, 589, 590, 591, 592, 593, 595, 597, 598, 600, 601 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>27-ാം വകുപ്പ്</u>

602, 603, 604, 605, 606 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>28-ാം വകുപ്പ്</u>

607, 609, 611, 612 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>29-ാം വകുപ്പ്</u>

614, 615, 616, 617, 618, 619, 620, 621, 623 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 30-ാം വകുപ്പ്

625-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 31-ാം വകുപ്പ്

626, 627, 628, 629, 631, 632, 634, 635, 636, 637, 639, 640, 642, 645, 646, 647, 649, 651, 652, 654, 655 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>32-ാം വകുപ്പ്</u>

657, 658, 659, 660, 661, 662, 663, 664, 665, 666 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

661. ഖണ്ഡം 32(2)-ന്റെ, ക്ലിപ്തനിബന്ധനയിൽ, " എഴുതി " എന്ന വാക്ക് ഒഴിവാക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>33-ാം വകുപ്പ്</u>

667, 668 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 34-ാം വകുപ്പ്

669-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 35-ാം വകുപ്പ്

672, 673, 675 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 36-ാം വകുപ്പ്

676, 677 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 37-ാം വകുപ്പ്

678, 679, 680, 681, 682, 683 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 38-ാം വകുപ്പ്

687, 689, 690, 693, 694, 695, 696, 698, 699 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

694. ഖണ്ഡം 38(3)-ൽ, " പാസ്സാക്കേണ്ടതാണ്" എന്നതിന് പകരം " പാസ്സാക്കാവുന്നതാണ്" എന്നത് ചേർക്കുക.

699. ഖണ്ഡം 38(6)-ൽ, "സ്വയമേവയോ" എന്നതിനു പകരം "സ്വമേധയോ" എന്നും "അത് " എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

39-ാം വകുപ്പ്

(ഭേദഗതിയില്ല)

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

40-ാം വകുപ്പ്

701, 702, 703, 704, 706, 707, 708, 709, 711, 712 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>41-ാം വകുപ്പ്</u>

718, 719, 721 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

718. ഖണ്ഡം 41(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, " യാതൊരംഗവും" എന്നതിന് പകരം " ഏതൊരു അംഗവും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>42-ാം വകുപ്പ്</u>

722, 724, 725, 727, 728, 729, 730 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>43-ാം വകുപ്പ്</u>

731, 734, 736, 738, 739, 741, 742, 749, 750, 752, 754, 755, 756 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി 27-നെതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>44-ാം വകുപ്പ്</u>

758-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>45-ാം വകുപ്പ്</u>

759-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>46-ാം വകുപ്പ്</u>

760-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

760. ഖണ്ഡം 46(4)(ബി)-യിൽ, "കണ്ടെത്തുന്നതിനും" എന്നതിനു ശേഷം "പരിശോധിക്കുന്നതിനും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>47-ാം വകുപ്പ്</u>

763-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

763. ഖണ്ഡം 47-ൽ, "പൊതുവായ" എന്നതിന് മുമ്പ് "ട്രൈബ്യൂണലിന്റെ" എന്നും "ഭരണപരമായ" എന്നത് "ഭരണപരവും സാമ്പത്തികവുമായ" എന്നും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 48-ാം വകുപ്പ്

764-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 49-ാം വകുപ്പ്

765-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 50-ാം വകുപ്പ്

766, 767, 768, 769 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

768. ഖണ്ഡം 50(2)-ൽ, "കക്ഷികളുടെ" എന്നതിന് ശേഷം "പരസ്പര" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 51-ാം വകുപ്പ്

770, 772, 776, 777, 779, 783, 785, 789, 790, 791, 792, 793, 794, 795, 796 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>52-ാം വകുപ്പ്</u>

797-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>53-ാം വകുപ്പ്</u>

798-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>54-ാം വകുപ്പ്</u>

799-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>55-ാം വകുപ്പ്</u>

800, 801, 802 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

801. ഖണ്ഡം 55-ൽ, "ലോണുകളും" എന്നതിനു പകരം "വായ്പകളും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>56-ാം വകുപ്പ്</u>

803, 804, 805, 806 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ാം വകുപ്പ്

807-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 58-ാം വകുപ്പ്

808, 809 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 59-ാം വകുപ്പ്

810, 811 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>60-ാം വകുപ്പ്</u>

813, 814 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>61-ാം വകുപ്പ്</u>

816-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>62-ാം വകുപ്പ്</u>

817, 818, 819, 820 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

63-ാം വകുപ്പ്

821-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

64-ാം വകുപ്പ്

822, 823, 824, 825, 826 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

822. ഖണ്ഡം 64(2)(ഒ)-യിൽ, "വിധിക്കുന്നതിനുള്ള" എന്നതിനു പകരം "വിധിക്കുന്നതിന്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

65-ാം വകുപ്പ്

827, 828, 829 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 66-ാം വകുപ്പ്

830, 831, 832, 833 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 67-ാം വകുപ്പ്

834-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 68-ാം വകുപ്പ്

835, 836 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

835. ഖണ്ഡം 68-ന്റെ മാർജിനൽ ശീർഷകത്തിൽ, "ബാധകത" എന്ന വാക്കിന് പകരം "ബാധകമാക്കൽ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 69-ാം വകുപ്പ്

837, 838 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 70-ാം വകുപ്പ്

839-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>71-ാം വകുപ്പ്</u>

841-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>72-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

842. (2)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്,

" (3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2015, ജൂലൈ 21-ാം തീയതി മുതൽ 2015 ആഗസ്റ്റ് 21-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല;"

843-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

843-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

119. ദീർഘശീർഷകത്തിൽ, "തീരുമാനങ്ങളിൽനിന്നും നിർദ്ദേശങ്ങളിൽനിന്നും ഉത്തരവുകളിൽ നിന്നുമുള്ള" എന്നീ വാക്കുകൾക്കു പകരം "തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

138. പീഠികയിൽ, "കേൾക്കുന്നതിനായി" എന്നതിന് പകരം "കേൾക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും" എന്നത് ചേർക്കുക.

106, 109, 110, 112, 113, 114, 115, 116, 117, 118, 120, 121, 122, 124, 125, 126, 129, 130, 131, 132, 133, 134, 135, 136, 137, 139, 140, 141, 143, 144, 145, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

112. ദീർഘശീർഷകത്തിൽ, "പ്രോൽസാഹനത്തിനും" എന്നതിന് പകരം "പ്രോത്സാഹനത്തിനും" എന്നത് ചേർക്കുക.

120. ദീർഘശീർഷകത്തിൽ, "കേൾക്കുന്നതിനായി" എന്നതിന് പകരം "കേൾക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും" എന്നത് ചേർക്കുക.

129. പീഠികയിൽ "പ്രോൽസാഹനത്തിനും" എന്നതിന് പകരം "പ്രോത്സാഹനത്തിനും" എന്നത് ചേർക്കുക.

136. പീഠികയിൽ, "തീരുമാനങ്ങളിൽനിന്നും നിർദ്ദേശങ്ങളിൽനിന്നും ഉത്തരവുകളിൽ നിന്നുമുള്ള" എന്നതിന് പകരം "തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കുമെതിരേയുള്ള" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി 25-നെതിരെ 55 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) <u>2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.</u>

പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: ബിൽ സർക്കുലേറ്റ് ചെയ്ത അവസരത്തിൽ മുഖ്യമന്ത്രിയാണ് ബിൽ അവതരിപ്പിക്കുന്നതെന്നുകാണിച്ച് ബുള്ളറ്റിൻ ഇറക്കിയിരുന്നു. ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയും കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ വകുപ്പുമന്ത്രിയെ മാറ്റുന്നതിന് ചട്ടത്തിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കണം.

മി. സ്പീക്കർ: ചട്ടം 78-ന്റെ പ്രൊവൈസോയിൽ ഇക്കാര്യം വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മുഖ്യമന്ത്രിക്ക് മറ്റൊരു മന്ത്രിയെ ഇതിനായി ചുമതലപ്പെടുത്താം.

ശ്രീ. എ. കെ. ബാലൻ: ബിൽ അവതരിപ്പിക്കണമെന്നോ പാസ്സാക്കണമെന്നോ ഉള്ള പ്രമേയം ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാത്ത മറ്റാരെങ്കിലും കൊണ്ടുവരാൻ പാടില്ലാത്തതും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെയോ സബ്ജക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്കുവിടണമെന്നോ അല്ലെങ്കിൽ അതിന്മേൽ അഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്നോ ഉള്ള പ്രമേയം ചുമതലവഹിക്കുന്ന അംഗം കൊണ്ടുവന്ന പ്രമേയത്തിന്റെ ഭേദഗതിയെന്ന നിലയിലല്ലാതെ മറ്റൊരു അംഗവും കൊണ്ടുവരാൻ പാടില്ലാത്തതാണ്.

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് മന്ത്രിസഭയിലെ ഏതംഗത്തെയും

ചുമതലയേൽപ്പിക്കാം. അക്കാര്യം സഭാംഗങ്ങളെ അറിയിക്കണമെന്നേയുള്ളൂ. ഇന്നലെ തന്നെ ബുള്ളറ്റിനിറക്കുകയും അംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിക്ക് മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്താം എന്നാണ് ചെയർ പറഞ്ഞത്. "ചുമതല വഹിക്കുന്ന ഒരംഗത്തിന് ബില്ലിന്റെ അവതരണത്തിനുശേഷം പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ ആ ബിൽ സംബന്ധിച്ച പ്രമേയം അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണങ്ങൾ തൃപ്തികരമെന്ന് സ്പീക്കർ കരുതുന്ന പക്ഷം ആ അംഗത്തിന് സ്പീക്കറുടെ അംഗീകാരത്തോടുകൂടി ആ പ്രത്യേക പ്രമേയം അവതരിപ്പിക്കുന്നതിന് വേറൊരു അംഗത്തെ അധികാരപ്പെടുത്താവുന്നതാണ്." ശ്രീ. കെ. സി. ജോസഫിനെ ചുമതലയേൽപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി ചെയറിന് എഴുതി തന്നതനുസരിച്ചാണ് ബുള്ളറ്റിനിറക്കിയത്.

ശ്രീ. കെ. സി. ജോസഫ്: ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ നാല് വർഷക്കാലം മലയാള ഭാഷയുടെ സുവർണ്ണ കാലഘട്ടമായാണ് അറിയപ്പെട്ടിരുന്നത്. മലയാളം സർവ്വകലാശാല ആരംഭിച്ചതും കേരളത്തിനു പുറത്തുള്ള മലയാളികൾക്ക് മലയാളം പഠിക്കുന്നതിന് സഹായകരമായ രീതിയിൽ മലയാള മിഷൻ രൂപീകരിച്ചതും ഈ ഗവൺമെന്റിന്റെ കാലത്താണ്. കൂടാതെ

മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനും മലയാള ഭാഷയുടെ വ്യാപനരംഗത്തും പരിപോഷണരംഗത്തും വലിയ മുന്നേറ്റം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ പൈലറ്റ് ചെയ്ത മുഖ്യമന്ത്രി സഭയിൽ ഹാജരാകാത്തത് മലയാളഭാഷയോടുള്ള അവഹേളനമാണ്. ബില്ലിലെ നേരത്തെ അംഗീകരിച്ച പ്രധാനപ്പെട്ട വകുപ്പുകൾ ഒഴിവാക്കി ദുർബലമായ ഒരു ബില്ലാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ഉദ്യോഗം ലഭിക്കുന്നവർ നിശ്ചിത കാലയളവിനുള്ളിൽ മലയാളഭാഷയുമായി ബന്ധപ്പെട്ട് പി.എസ്.സി. നടത്തുന്ന പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ ഇതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. സിവിൽ സർവ്വീസ് പരീക്ഷകൾക്ക് മലയാളം ഒരു വിഷയമായി ഉൾപ്പെടുത്തുന്നതിനും പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ മാധ്യമം മലയാളമാക്കുന്നതിനും ഭാഷാപരിജ്ഞാനം പരിശോധിക്കുന്നതിനുള്ള പേപ്പർ ഉൾപ്പെടുത്തുന്നതിനും നടപടികളുണ്ടാകണം. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ പത്താംതരം വരെ മലയാളം നിർബന്ധിതവിഷയമാക്കുന്നതിനും ഓറിയന്റൽ സ്കൂളുകളിൽ മലയാളഭാഷാപഠനം നിർബന്ധിതമാക്കുന്നതിനും ഹയർസെക്കണ്ടറിതലത്തിൽ മലയാളമാധ്യമത്തിൽ

പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും വ്യവസ്ഥയുണ്ടാകണം. ബിരുദാനന്തര ബിരുദ ഗവേഷണതലം വരെ ഏതു വിഷയവും മലയാളത്തിൽ പഠിക്കാനും പരീക്ഷ എഴുതാനും സൗകര്യമുണ്ടാകണം. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾ മലയാളത്തിൽ എഴുതുന്നതിന് സൗകര്യം ചെയ്യുകയും മലയാളമാധ്യമത്തിൽ പഠിച്ച വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുകയും ചെയ്യണം. മലയാളഭാഷയ്ക്കായി ഡയറക്ടറേറ്റ് വേണമെന്ന നിർദ്ദേശം പരിഗണിക്കപ്പെടുകയോ കോടതിഭാഷ മലയാളമാക്കുന്നതിന് കൃത്യമായ വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല. പതിനാല് വയസ്സുവരെ കുട്ടികളുടെ അധ്യയനം നിർബന്ധമായും മാതൃഭാഷയിലായിരിക്കണം. കൃഷിയും പരമ്പരാഗത വ്യവസായങ്ങളും സംബന്ധിച്ച ഗവേഷണ പ്രബന്ധങ്ങൾ ഇംഗ്ലീഷ് മാധ്യമത്തിലാകുന്നത് സമൂഹത്തിന് പ്രയോജനം ചെയ്യില്ല. പ്രയോഗിക്കാതെ വിസ്മരിക്കപ്പെടുന്ന പ്രാദേശികമായ മലയാളപദങ്ങൾ തിരികെ പ്രയോഗത്തിൽ കൊണ്ടുവരണം. മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് കേരളത്തിൽ വളരെ കുറവാണ്. മലയാള ഭാഷയ്ക്ക് ഈ ഗവൺമെന്റ് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ടാവണം ഇത്തരത്തിലുള്ള സുപ്രധാന ബില്ലുകൾ പാസ്സാക്കേണ്ടത്. മലയാളികളുടെയാകെ വികാരമായ ഈ

ബില്ലിലെ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനുള്ള ശക്തമായ പോരാട്ടം പ്രതിപക്ഷം നടത്തുന്നതാണ്. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബിൽ ധൃതിപിടിച്ച് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാലങ്ങളായി മലയാളികളും മലയാള ഭാഷാ സ്നേഹികളുമുൾപ്പെടെയുള്ളവർ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്ത ഈ ബിൽ ഇത്തരത്തിൽ ലാഘവമായി ചർച്ച ചെയ്ത് പാസ്സാക്കുന്നത് ശരിയല്ല.

(സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ക്യാബിനറ്റ് യോഗം ചേരുന്നുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ ഉപനേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബിൽ പാസ്സാക്കുന്നതിന് അംഗങ്ങൾ സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭാ സമ്മേളനം നടക്കുമ്പോൾ ക്യാബിനറ്റ് യോഗം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സഭാ സമ്മേളനം നടക്കുമ്പോൾ ക്യാബിനറ്റ് യോഗം ചേരാമെന്നോ ചേരാൻ പാടില്ലെന്നോ

ചട്ടത്തിൽ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: സഭാ സമ്മേളനം നടക്കുമ്പോൾ ക്യാബിനറ്റ് ചേരാൻ പാടില്ലെന്ന റൂളില്ല. ബിൽ അവതരിപ്പിച്ച മന്ത്രി സഭയിലുണ്ടാകണമെന്നും സ്പീക്കറടക്കം 15 പേരുടെ ക്വാറമുണ്ടാകണമെന്നുമാണ് ചട്ടത്തിൽ പറയുന്നത്.

(തുടർന്ന് അംഗങ്ങളെല്ലാം അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി.)

ശ്രീ. കെ.സുരേഷ് കുറുപ്പ്: സഭ ചേരുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മീറ്റിംഗുകളിൽ പങ്കെടുക്കരുതെന്ന സർക്കുലർ നിലനിൽക്കേ പ്രധാനപ്പെട്ട ബിൽ അവതരിപ്പിച്ച മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ചർച്ചാവേളയിൽ ഇല്ലാതിരിക്കുന്നത് സഭയോട് കാണിക്കുന്ന അനാദരവാണ്. ഭാഷയോടുള്ള ജനതയുടെ തീവ്രമായ സ്നേഹത്തിന്റെ ഭാഗമായാണ് സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിച്ചത്. അത് നിലനിർത്തുക എന്നത് ജനതയെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യമാണ്. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യത്തിന് കോട്ടം തട്ടാത്തവിധത്തിൽ കേരളത്തിലെ സ്കൂളുകളിൽ പ്രൈമറിതലം മുതൽ കോളേജ് തലം വരെയും ഓപ്ഷൻ നൽകാതെ മലയാളം പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കീഴ് കോടതികളിലെ വ്യവഹാര ഭാഷ മലയാളമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകങ്ങൾ

ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ബില്ലുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പ്രതിപക്ഷാംഗങ്ങളുടെ നിർദ്ദേശംമൂലം ഒരു വകുപ്പ് ഒഴിവാക്കിയതായ മന്ത്രിയുടെ പ്രസ്താവന പരിശോധനാ വിധേയമാക്കണം. മാതൃഭാഷയ്ക്കുവേണ്ടിയുള്ള നിയമം പാസ്സാക്കുന്ന സന്ദർഭത്തിൽ സഭയിൽ മന്ത്രിമാരുടെയും സാമാജികരുടെയും സജീവ സാന്നിധ്യം ഉറപ്പുവരുത്തുകയെന്നത് സർക്കാരിന്റെ കടമയാണ്. സംസ്ഥാനത്ത് മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പത്താംക്ലാസ് വരെ മലയാളം നിർബന്ധമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളാണ് ബില്ലിലെ പല വകുപ്പുകളിലും അടങ്ങിയിരിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് പുറമെ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/ സഹകരണ മേഖലകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കണം. അതിനെതിരായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നിയമപരമായി അംഗീകാരം കൊടുക്കാൻ കഴിയില്ലെന്ന വ്യവസ്ഥ

ബില്ലിൽ ഉൾക്കൊള്ളിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. മലയാളഭാഷയുടെ വികസനത്തിനായി അഹോരാത്രം പരിശ്രമിച്ചിട്ടുള്ള മഹാരഥന്മാർക്ക് ഉചിതമായ ആദരവ് നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന കാര്യത്തിൽ സംശയമുണ്ട്. മലയാളഭാഷാ പരിപോഷണത്തിന്റെ ഭാഗമായി നാടൻപാട്ടുകളും വള്ളുവനാടൻ പാട്ടുകളും ആദിവാസി പാട്ടുകളും പ്രോത്സാഹിപ്പിക്കുകയും മലയാള സാഹിത്യത്തിൽ അവ ഉൾപ്പെടുത്തുകയും വേണം. ഭാഷാഗവേഷണത്തിനുതകുന്ന ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ സൗകര്യമൊരുക്കണം. ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. മുൻ സർക്കാർ ഉത്തരവുകളും നിയമസഭാ സമിതിയുടെ ശിപാർശകളും പരിശോധിക്കുകയോ ചർച്ച നടത്തുകയോ ചെയ്യാതെയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പര്യാപ്തമല്ല. ലോകത്തെവിടെയും നമ്മുടെ ഭാഷയെ ഉയർത്തിക്കാണിക്കാൻ ഉതകുന്ന വിധം ബിൽ കുറ്റമറ്റതാക്കിത്തീർക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സമ്പൂർണ്ണമായ നിയമ നിർമ്മാണത്തിനുള്ള

പരിശ്രമം ഈ ബില്ലിന്റെ അവതരണത്തിൽ ഉണ്ടായിട്ടില്ല. മലയാള ഭാഷാ വികസന വകുപ്പ്, ഡയറക്ടറേറ്റ്, വിവിധ സമിതികൾ ഒക്കെ വേണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ബില്ലിൽ അതൊന്നുമില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ഔദ്യോഗിക ഭാഷാ വകുപ്പിനെ മലയാള ഭാഷാ വികസന വകുപ്പെന്ന് പുനർ നാമകരണം ചെയ്തിരിക്കുകയാണ്. ഒരു വകുപ്പിന്റെ പേര് മാറ്റുന്നതിന് നിയമത്തിന്റെ ആവശ്യമില്ല, ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ചെയ്യാവുന്ന കാര്യമാണത്. നിയമം കൊണ്ടുവന്നുവെങ്കിലും ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംവിധാനമില്ല. 1969-ലെയും 1973-ലെയും നിയമങ്ങളിൽ ഭാഷ എന്നു പറയുന്നത് മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ് എന്നുള്ളതായിരുന്നു. അതിനെ റദ്ദ് ചെയ്തുകൊണ്ട് ഭാഷ മലയാളം തന്നെയായിരിക്കണം എന്നാണ് ഈ ബില്ലിലൂടെ കൊണ്ടുവരാൻ പോകുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഇംഗ്ലീഷ് പരിഭാഷയുമാകാം. കേന്ദ്ര ഒഫിഷ്യൽ ലാംഗ്വേജസ് ആക്ട് പ്രകാരം ഒരു സംസ്ഥാനത്ത് ഹിന്ദിയല്ലാതെ മറ്റൊരു ഭാഷ നിയമനിർമ്മാണ മേഖലയിൽ സ്വീകരിക്കുകയാണെങ്കിൽ അതിന് ഹിന്ദി പരിഭാഷ കൂടി വേണമെന്ന് പറയുന്നു. ഇങ്ങനെ വരുമ്പോൾ ഹിന്ദി തർജ്ജമ കൂടി കൊടുക്കേണ്ട ഒരു അവസ്ഥയാണ് സംജാതമാകുന്നത്. ഈ നിയമനിർമ്മാണംവഴി

ഭാഷാന്യൂനപക്ഷങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന അവകാശങ്ങൾ പരിമിതപ്പെടും. ന്യൂനപക്ഷ ഭാഷകൾ സംസാരിക്കുന്നവർ ഗവൺമെന്റിലേക്ക് അവരുടെ പ്രാദേശിക ഭാഷയിൽ കത്ത് അയച്ചാൽ പ്രസ്തുത ഭാഷയിൽത്തന്നെ മറുപടി ലഭിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കൊണ്ടുവരുന്ന നിയമ ഭേദഗതി അനുസരിച്ച് മറുപടി അതാത് ന്യൂനപക്ഷ ഭാഷയിലോ ഇംഗ്ലീഷിലോ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുമ്പോൾ ഇവിടെ രണ്ട് ഭാഷയും സ്വീകരിക്കാമെന്ന അവസ്ഥ സംജാതമാകുന്നു. ഇത്തരം കത്തുകളുടെ മറുപടി അതാത് ഭാഷയിൽതന്നെയായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്ന രീതിയിൽ ഒരു ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കണം. കോടതി ഭാഷയെ സംബന്ധിച്ച് ചില പരിമിതികൾ നിലനിൽക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ജഡ്ജിമാർ ഹൈക്കോടതിയിലുള്ളതിനാൽ ജില്ലാ കോടതിക്ക് താഴെയുള്ള കോടതികളിൽ മാത്രമായി ഈ നിയമം പരിമിതപ്പെടുത്തണം. ഹൈക്കോടതി തീരുമാനിക്കുന്ന പ്രകാരം മാത്രമേ കീഴ്കോടതികളിൽ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂവെന്ന പരിമിതി നിലവിലുണ്ട്. വളരെ പരിമിതമായ ലക്ഷ്യം മാത്രമേ ഈ നിയമനിർമ്മാണത്തിലൂടെ സാധിക്കുകയുള്ളൂവെങ്കിലും അതിലുള്ള സംതൃപ്തി അറിയിച്ചുകൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളത്തെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും സമസ്ത മേഖലകളിലും മലയാള ഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള ബില്ലാണിത്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠപദവി നേടിയെടുക്കാൻ സാധിച്ചതും മലയാളം യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാക്കിയതും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. മലയാള സാഹിത്യ നായകന്മാരുടെയും നിയമസഭാ കമ്മിറ്റിയുടെയും ശക്തമായ ഇടപെടലിന്റെ ഫലമായാണ് ഇത്തരമൊരു നിയമം പാസ്സാക്കാൻ സാധിച്ചത്. ഒരു പ്രദേശത്തെ കോർത്തിണക്കാനുള്ള ഉപാധി മാത്രമല്ല, ആശയ സംവേദനവും ആശയ സ്വീകാര്യതയുമാണ് ഒരു ഭാഷകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ആശയ സംവേദനവും ആശയ സ്വീകാര്യതയും നടത്തിയില്ലെങ്കിൽ ഭാഷ മൃതപ്രായമാകും. ഇന്ത്യയുടെ ഭാഷയായിരുന്ന സംസ്കൃതത്തിന് ജൈവരൂപം നഷ്ടപ്പെട്ട് ഏതാണ്ട് മൃതഭാഷയായി

മാറിയിരിക്കുകയാണ്. മലയാള ഭാഷയുടെ ജൈവസ്വഭാവം കാത്തുസൂക്ഷിക്കുക എന്നതാണ് ഈ ബില്ലിന്റെ അന്തസ്സത്ത. കേരളത്തിലെ ജനങ്ങൾ വ്യത്യസ്ത ഭാഷകൾ പഠിച്ചതിനാൽ അവർക്ക് മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് ജീവിക്കാൻ സാധിക്കുന്നു. വിദേശ ഇന്ത്യാക്കാരിൽ ബഹുഭൂരിപക്ഷം വരുന്ന കേരളീയരുടെ സാമ്പത്തിക നിക്ഷേപമാണ് സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ്സ്. വിദേശ മലയാളികൾ സംസ്ഥാനത്തിന്റെ നവോത്ഥാനത്തിന് വഴിയൊരുക്കുന്നതിനാൽ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഭാഷയെ വിലയിരുത്തണം. ആയതിനാൽ മലയാള ഭാഷാ പോളിസിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരള വികസനത്തിന് നേരെ വാതിലടയ്ക്കുന്ന സമീപനം ഉണ്ടാകാൻ പാടില്ല. ഭാവി തലമുറയ്ക്ക് മാതൃഭാഷയോടുള്ള സ്നേഹവും ആദരവും വളർത്തുന്നതോടൊപ്പം ഇംഗ്ലീഷ് ഉൾപ്പെടെയുള്ള മറ്റ് ഭാഷകളോട് വിദ്വേഷം പുലർത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഒഴിവാക്കണം. മലയാളഭാഷയുടെ വളർച്ചയ്ക്കുവേണ്ടി രൂപം നൽകിയിട്ടുള്ള ശബ്ദതാരാവലിയിലെ പല പദങ്ങളും സംസ്കൃതമാണെന്ന കാരണത്താൽ അംഗീകരിക്കപ്പെടാത്ത അവസ്ഥ നിലനിൽക്കുന്നു. മലയാളഭാഷയെ

ശക്തിപ്പെടുത്താൻ ശ്രമിക്കുമ്പോൾ ആദിവാസി-ഗോത്രവർഗ്ഗക്കാരുടെ ഭാഷ ഉൾപ്പെടെയുള്ള മറ്റ് ഭാഷകളെ നശിപ്പിക്കുന്ന നിലപാട് സ്വീകരിക്കരുതെന്നും മലയാളത്തിൽ ഇന്ന് ഉപയോഗിക്കുന്ന പല വാക്കുകളും ഇംഗ്ലീഷ്, സംസ്കൃതം ഉൾപ്പെടെയുള്ള ഭാഷകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്നിട്ടുള്ളവയാണെന്നും അതിന് തത്തുല്യമായ മലയാളപദം രൂപീകൃതമായിട്ടില്ലെന്നുള്ളതും മനസ്സിലാക്കണം. മലയാളഭാഷ സംസാരിക്കുന്നത് അപമാനവും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നത് അഭിമാനവുമാണെന്ന സംസ്കാരത്തിന് മാറ്റമുണ്ടാകണം. കുട്ടികൾക്കിടയിൽ മലയാളഭാഷയുടെ വളർച്ചയ്ക്കും പ്രചരണത്തിനും വിഘാതം സൃഷ്ടിക്കുകയും അതിന്റെ പേരിൽ കുട്ടികളെ ശിക്ഷിക്കുകയും ചെയ്യുന്ന എയ്ഡഡ്-അൺ എയ്ഡഡ് സ്കൂളുകളുടെ എൻ.ഒ.സി. റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണം. മാതൃഭാഷയെ കൂടുതൽ ശക്തിപ്പെടുത്താൻ ശ്രമിക്കണം. ഭാഷയിലൂടെയാണ് നമ്മുടെ സംസ്കാരം നിലനിൽക്കുന്നത്. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ പുതിയ മലയാള പദങ്ങൾ കണ്ടെത്തണം. ഭരണഭാഷ മലയാളമാക്കി നിലനിർത്തിക്കൊണ്ട് മാതൃഭാഷയെ സംരക്ഷിക്കുന്നതിനും വരുംതലമുറയുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിൽ മലയാളത്തെ സമ്പുഷ്ടമാക്കുന്നതിനും മലയാളത്തിന്റെ മാഹാത്മ്യം

ഉയർത്തിപ്പിടിക്കുന്നതിനും കഴിയണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിത്യജീവിതത്തിൽ നാം നിരന്തരം ഉപയോഗിക്കുന്ന പല ഇംഗ്ലീഷ് വാക്കുകൾക്കും മലയാള പദമില്ലെന്നുള്ളതാണ് വാസ്തവം. സമ്പൂർണ്ണമായും ഇംഗ്ലീഷ് ഒഴിവാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പരിഭാഷയ്ക്കായി ഒരു പരിഭാഷാ സമിതിയുണ്ടാക്കാൻ നടപടിയുണ്ടാകണം. മലയാള ഭാഷയെ നിയമപരമായി സംരക്ഷിക്കപ്പെടുമ്പോൾ ആ ഭാഷകൊണ്ട് മലയാളികൾക്ക് ജീവിക്കാനുള്ള സാഹചര്യംകൂടി സൃഷ്ടിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രമഫലമായാണ് ഇപ്പോൾ മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചത്. ആധുനിക കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഭേദഗതികളും കൂട്ടിച്ചേർക്കലുകളും ഈ ബില്ലിൽ വരുത്തണം. മലയാള ഭാഷാ വികസന ഡയറക്ടറേറ്റ് രൂപീകരിച്ചാൽ മാത്രമേ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയൂ. മലയാള ഭാഷ (വ്യാപനവും പരിപോഷണവും) എന്ന് പേരിട്ടിരിക്കുന്ന ഈ ബില്ലിൽത്തന്നെ നിരവധി സ്ഥലങ്ങളിൽ ഇംഗ്ലീഷ് വാക്കുകൾ

കടന്നുവന്നിരിക്കുകയാണ്. ദ്വിഭാഷാ പണ്ഡിതന്മാരുടെ സഹായത്താൽ ഉചിതമായ മലയാള വാക്കുകൾ കണ്ടുപിടിച്ച് നിയമത്തിൽ ഉൾപ്പെടുത്തണം.

ശ്രീ. മുല്ലക്കര രത്നാകരൻ: മലയാള ഭാഷയെ ശക്തിപ്പെടുത്താനും പ്രചരിപ്പിക്കാനും പരിപോഷിപ്പിക്കാനുമായി അവതരിപ്പിച്ച ഈ ബില്ലിൽ ധാരാളം പരിമിതികളടങ്ങിയിരിക്കുകയാണ്. മാതൃഭാഷയോട് സ്നേഹമില്ലാത്ത ഒരവസ്ഥയാണ് ഇന്ന് കേരളത്തിലുണ്ടായിരിക്കുന്നത്. ആധുനിക കാലത്തിനനുസൃതമായി പുതിയ വാക്കുകളും സംസ്കാരവും ഉണ്ടാകണം. മലയാളത്തിൽ പുതിയ വാക്കുകൾ കണ്ടെത്താൻ കഴിയാത്തതാണ് ഇന്ന് നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. ഏത് ഭാഷയിൽനിന്ന് വാക്ക് കടമെടുത്താലും അത് മലയാളീകരിക്കാൻ സാധിക്കണം. പുതിയ വാക്കുകൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനം നിയമത്തിലുണ്ടാകണം. ഒരു ലിബറൽ ഭാഷയായി മലയാളത്തെ മാറ്റാൻ ഈ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഔദ്യോഗിക ഭാഷയുടെ പ്രയോഗത്തിലും എഴുതുന്ന രീതിയിലുമൊക്കെ ധാരാളം പരിഷ്കാരങ്ങൾ കൊണ്ടുവരണം. മലയാള ഭാഷയ്ക്ക് മറ്റ് ഭാഷകൾക്കില്ലാത്ത വൈവിദ്ധ്യമാണുള്ളത്. കാലഹരണപ്പെട്ട, ഉപയോഗയോഗ്യമായ വാക്കുകൾ സംരക്ഷിക്കപ്പെടുന്ന രീതിയിൽ ഈ നിയമത്തിനകത്ത് ഒരു സംവിധാനമുണ്ടാക്കുകയും അതിന്റെ ചുമതല മലയാളം

സർവ്വകലാശാലയേയോ മലയാളം ഡയറക്ടറേറ്റിനേയോ ഏൽപ്പിക്കുകയും വേണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: മാതൃഭാഷയെ അവഗണിക്കുന്നത് വലിയ പാതകവും പരിപോഷിപ്പിക്കേണ്ടത് സാംസ്കാരികമായ ഉത്തരവാദിത്വവുമാണ്. സാംസ്കാരിക പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുന്നതിനുകൂടിയാണ് ഇത്തരത്തിലൊരു ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ സർക്കാർ മലയാള ഭാഷയുടെ അഭിവൃദ്ധിക്കും വികാസത്തിനുംവേണ്ടി മലയാളം സർവ്വകലാശാല സ്ഥാപിച്ചത് ഒരു വലിയ നേട്ടംതന്നെയാണ്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാൻ സാധിച്ചത് ദേശീയതലത്തിലുള്ള ഒരു അംഗീകാരമാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കൊണ്ടുവരുന്ന ഈ ബിൽ മാതൃഭാഷയുടെ വികസനത്തിന് ഏറെ സഹായകമാകും. സമഗ്രഭാഷാ നിയമമുണ്ടായാൽ മലയാള ഭാഷയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും നിയമപരിരക്ഷ ലഭിക്കുന്നതാണ്. മലയാളത്തിലെ ശാസ്ത്ര-സാങ്കേതിക പദാവലി വിപുലീകരിക്കാൻ പുതിയ ഗവേഷണം നടത്തുകയും സൈബർ ലോകത്തേയ്ക്ക് മലയാളം കടന്നുചെല്ലുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. മലയാള സാഹിത്യത്തിലെ പ്രധാനപ്പെട്ട കൃതികൾ മറ്റ് ഇന്ത്യൻ ഭാഷകളിലേയ്ക്കും ലോക ഭാഷകളിലേയ്ക്കും പരിഭാഷപ്പെടുത്തണം. മലയാള ഭാഷാ വൈവിദ്ധ്യവുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്നതിനും മലയാള ഭാഷാ

പ്രയോഗങ്ങളെക്കുറിച്ച് നിഘണ്ടു തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം. ആദിവാസി ഭാഷകളെ സംബന്ധിച്ച് ഗവേഷണം നടത്തി മലയാള ഭാഷയുടെ ഉപഭാഷ എന്ന നിലയിൽ ബന്ധിപ്പിക്കാനുള്ള പരിശ്രമമുണ്ടാകണം. മലയാള ഭാഷാ പരിപോഷണത്തിനുള്ള ഒരു കാൽവയ്പായി ഈ നിയമം മാറുമെന്ന കാര്യത്തിൽ സംശയമില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): നിരവധി പേരുടെ ശ്രമഫലമായിട്ടാണ് ഇത്തരത്തിലൊരു ബിൽ തയ്യാറാക്കാൻ സാധിച്ചത്. ഇത് ശക്തമായ ഒരു നിയമമായി മാറണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും പത്താം തരം വരെയുള്ള ഒന്നാം ഭാഷ മലയാളമായിരിക്കണമെന്ന നിബന്ധന ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള പരിഗണനയിൽ പരമാവധി മാറ്റം വരുത്തി ഫലപ്രദമായ നിയമമാക്കി മാറ്റുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മലയാള ഭാഷ

(വ്യാപനവും പരിപോഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2 -ാം വകുപ്പ്</u>

143, 144, 147, 148, 149, 151, 152, 153, 154, 156, 158, 160, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി, ഭേദഗതിയോടെ അവതരിപ്പിച്ചു :

157. ഖണ്ഡം 2(ഡി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഡി) "ഭാഷാ ന്യൂനപക്ഷം" എന്നാൽ പരമ്പരാഗതമായി ആശയവിനിമയത്തിന് തമിഴ്, കന്നട, കൊങ്കിണി, തുളു എന്നീ ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്ത് അധിവസിക്കുന്നവരുമായ ജനങ്ങൾ എന്നർത്ഥമാകുന്നു;"

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു :

152. ഖണ്ഡം 2(ഡി)യിൽ, "ആശയവിനിമയത്തിനായി പരമ്പരാഗതമായി" എന്നീ വാക്കുകൾക്കു പകരം "പരമ്പരാഗതമായി ആശയവിനിമയത്തിന്" എന്നീ വാക്കുകൾ ചേർക്കുക.

154. ഖണ്ഡം 2(ഡി)യിൽ, "ഉപയോഗിക്കുന്ന കേരള നിവാസികൾ" എന്നീ വാക്കുകൾക്ക് പകരം "ഉപയോഗിക്കുന്നവരും കേരള സംസ്ഥാനത്തിൽ അധിവസിക്കുന്നവരുമായ ജനങ്ങൾ" എന്ന് ചേർക്കുക.

156. ഖണ്ഡം 2(ഡി)ക്ക് പകരം താഴെ പറയുന്നത് ചേർക്കുക:

"(ഡി) "ഭാഷാ ന്യൂനപക്ഷം" എന്നാൽ ആശയവിനിമയത്തിനായി പരമ്പരാഗതമായി തമിഴ്, കന്നട തുടങ്ങിയ ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്ന കേരള നിവാസികൾ എന്നർത്ഥമാകുന്നു;"

മന്ത്രി ഭേദഗതിയോടെ അവതരിപ്പിച്ച ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

342. ബില്ലിലെ 3-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്.

"3. <u>മലയാള ഭാഷാ വികസന വകുപ്പ്</u>.-

സെക്രട്ടേറിയറ്റിലെ നിലവിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിനെ, മലയാള ഭാഷാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്യേണ്ടതും, പ്രസ്തുത വകുപ്പ് ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്."

163, 164, 165, 166, 167, 168, 171, 174, 176, 177, 178, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

171. ഖണ്ഡം 3-ൽ "സെക്രട്ടറിയേറ്റിൽ" എന്ന വാക്കിനു മുമ്പായി "ഗവൺമെന്റ്" എന്ന വാക്ക് ചേർക്കുക.

178. ഖണ്ഡം 3-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുശേഷം "വ്യവസ്ഥകൾ" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

189, 190, 191, 198, 204, 209, 210 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

211, 214, 215, 216, 220, 222, 223, 224, 225, 226, 227, 228, 231 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗികഭേദഗതി അവതരിപ്പിച്ചു.

217. ഖണ്ഡം 5(2)-ൽ "സ്വയംഭരണ സഹകരണ സ്ഥാപനങ്ങൾക്കും" എന്നതിന് പകരം "സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾക്കും" എന്നത്

ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

215. ഖണ്ഡം 5(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നാൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മലയാള ഭാഷയോടൊപ്പം അതാതിടത്തെ ന്യൂനപക്ഷഭാഷയും ഔദ്യോഗികഭാഷയെന്നപോലെ ഉപയോഗിക്കേണ്ടതാണ്."

216. ഖണ്ഡം 5(2)-ൽ "കീഴിലുള്ള", "അർദ്ധസർക്കാർ" എന്നീ വാക്കുകൾക്കിടയിൽ "തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 5(2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"ഭാഷകളോ" എന്നതിനു പകരം "ഭാഷയോ" എന്നത് ചേർക്കുക.

226. ഖണ്ഡം 5(2)-ന്റെ (ബി) ക്ലിപ്തനിബന്ധനയിൽ,

"ഭാഷകളിലോ" എന്നതിന് പകരം "ഭാഷയിലോ" എന്നത് ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ചർച്ചയിൽ ശ്രീ. മാത്യു റ്റി. തോമസ് ആവശ്യപ്പെട്ടതുപോലെ 'ബി' വകുപ്പിൽ "സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങൾ

സംസ്ഥാന ഗവൺമെന്റ് സെക്രട്ടേറിയറ്റുമായും വകുപ്പദ്ധ്യക്ഷന്മാരുമായും മറ്റ് സർക്കാർ ആവശ്യങ്ങളുമായുമുള്ള കത്തിടപാടുകളിൽ അവരുടെ ഭാഷകളോ ഇംഗ്ലീഷോ ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അവർ കത്തുകളയയ്ക്കുന്ന ഭാഷയിൽത്തന്നെ അയക്കേണ്ടതാണ്''എന്നതുകൂടി ചേർക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗികഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

237, 239, 243, 246, 247, 248, 250, 251, 252, 253, 255, 259, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

247. ഖണ്ഡം 6(3)-ൽ "മലയാളം" എന്നതിനു പകരം "മലയാള ഭാഷ"

എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

263, 267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

271, 272, 275 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

275. ഖണ്ഡം 8(3)-ൽ "മലയാളത്തിലായിരിക്കേണ്ടതാണ്" എന്നതിനു പകരം

"മലയാള ഭാഷയിലായിരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

278, 279, 281, 283, 284, 287, 289, 290, 291, 296, 298, 299, 300, 301, 305, 307, 310, 311, 312, 313, 314, 315, 316, 317, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

290. ഖണ്ഡം 9(3)-ൽ "സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും" എന്നീ വാക്കുകൾക്ക് ശേഷം "അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

313. ഖണ്ഡം 9(9)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഭാഷാന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവരുടെയുംകൂടി അറിവിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ, അറിയിപ്പുകൾ, ബോർഡുകൾ, നോട്ടീസുകൾ എന്നിവ അതതു പ്രദേശത്തെ ന്യൂനപക്ഷഭാഷയിലും കൂടി ആയിരിക്കേണ്ടതാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

320, 321, 322, 323 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

327, 328, 330 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

333-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

336, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

341-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

109, 110, 111, 112, 113, 114, 116, 117, 120, 122, 123, 125, 127, 129, 132, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗികഭേദഗതികളായി അവതരിപ്പിച്ചു.

118. ദീർഘ ശീർഷകത്തിൽ "മലയാള ഭാഷയുടെ വളർച്ചയും" എന്നതിനു ശേഷം "വ്യാപനവും" എന്നു ചേർക്കുക.

135. പീഠികയിൽ "മലയാളഭാഷയുടെ വളർച്ചയും" എന്നതിനു ശേഷം "വ്യാപനവും" എന്നു ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

112. ദീർഘ ശീർഷകത്തിൽ "മലയാളത്തെ" എന്ന വാക്കിനു പകരം

"മലയാളഭാഷയെ" എന്ന വാക്ക് ചേർക്കുക.

116. ദീർഘ ശീർഷകത്തിൽ "ഉപയോഗം" എന്നതിനു പകരം "പ്രയോഗം" എന്നത് ചേർക്കുക.

127. പീഠികയിൽ "മലയാളത്തെ" എന്ന വാക്കിന് പകരം "മലയാളഭാഷയെ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ കെ. സി. ജോസഫ്): 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലയാള ഭാഷാ സ്നേഹികളെ സംബന്ധിച്ചിടത്തോളം ഇതൊരു ചരിത്ര മുഹൂർത്തമാണ്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനായി കാലാകാലങ്ങളിൽ ചെയ്തിട്ടുള്ള സംഭാവനകളെ പ്രശംസിക്കുന്നു. മലയാള ഭാഷാ നിയമം പ്രായോഗിക തലത്തിൽ കൊണ്ടുവരണമെന്ന സാഹിത്യ-സാംസ്കാരിക നായകൻമാരുടെ ആഗ്രഹം സാക്ഷാത്ക്കരിച്ചതിൽ കേരളീയർക്ക് അഭിമാനിക്കാവുന്നതാണ്. മലയാള ഭാഷാ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഇതുമായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. ദിവാകരൻ: ബിൽ അവതരിപ്പിച്ച മന്ത്രിയേയും അതിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയേയും അഭിനന്ദിക്കുന്നു. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനായി ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. മലയാള ഭാഷയെ സംരക്ഷിക്കുന്നതിനുള്ള ശക്തമായ നിയമമാകുന്നതിനുവേണ്ടി ബില്ലിൽ വന്നിട്ടുള്ള പോരായ്മകൾ ഭേദഗതികളിലൂടെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. അൺ-എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ ഈ നിയമത്തിന്റെ പരിധിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണം. ഈ ബില്ലിന്റെ ചട്ടങ്ങൾ കാലതാമസമില്ലാതെ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണം.

2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (3) 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ കെ. സി. ജോസഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ കെ. സി. ജോസഫ്): സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും വികസനത്തിലും പ്രധാന പങ്കുവഹിക്കുന്ന പ്രവാസികളുടെ വസ്തുവകകൾക്കും സമ്പത്തിനുമുള്ള ഭീഷണി, റിക്രൂട്ട്മെന്റ്-വിസാ തട്ടിപ്പുകൾ എന്നിവ വ്യാപകമായ പശ്ചാത്തലത്തിൽ അതിന് പരിഹാരമുണ്ടാക്കാനാണ് ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ പ്രവാസി സമൂഹത്തിന്റെ ദീർഘനാളുകളായിട്ടുള്ള ആവശ്യമായിരുന്നു ഈ ബിൽ. ബിൽ പാസ്സാക്കുന്നതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന സുപ്രധാനമായ പ്രശ്നങ്ങൾ ഈ ബില്ലിൽ അഡ്രസ്സ് ചെയ്യപ്പെടുന്നില്ല. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ പങ്ക് വഹിക്കുന്ന പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ഗവൺമെന്റ് സ്വീകരിക്കുന്ന പദ്ധതികളെല്ലാം ദുർബലമാണ്. ജോലി നഷ്ടപ്പെട്ട്

നാട്ടിലെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനോ വിമാന യാത്രാക്കൂലി വർദ്ധനവിന് പരിഹാരം കാണാനോ ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

ശ്രീ. സി. ദിവാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രവാസി കേരളീയരുടെ ജീവിതത്തിൽ മാറ്റം വരുത്തണമെന്ന സദുദ്ദേശ്യത്തോടുകൂടി ബിൽ കൊണ്ടുവന്നത് അഭിമാനകരമായ തുടക്കമാണ്. പ്രവാസികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. വിദേശത്തുനിന്നും മടങ്ങിവന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കാനുള്ള സമഗ്രമായ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., ബാങ്കുകൾ എന്നിവരുടെ കൺസോർഷ്യം രൂപീകരിച്ച് അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും വായ്പയും നൽകുന്ന കാര്യം കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രവാസികൾക്കുള്ള വിമാന യാത്രാക്കൂലി വർദ്ധനവിൽ നിയന്ത്രണം ഉണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ഇടപെടാനുള്ള അധികാരം കമ്മീഷന് നൽകുന്നതിനും ഓഡെപെക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ഇപ്പോഴുള്ള നടപടിക്രമങ്ങൾ

ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കണം. വിസാ തട്ടിപ്പ്, പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ, എമിഗ്രേഷൻ ക്ലിയറൻസിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നീ കാര്യങ്ങളിൽ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. എയർ കേരള യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കമ്മീഷൻ സെക്രട്ടറി ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം.

ശ്രീ. മാത്യു റ്റി. തോമസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കുന്നതിന് സർക്കാരിന് കഴിയുന്നുണ്ടോയെന്ന് ചിന്തിക്കണം. പ്രവാസികൾ നേരിടുന്ന ചൂഷണങ്ങൾക്ക് പരിഹാരം ഉണ്ടാകണം. വിസയുടെ കാലാവധി തീർന്ന് ലേബർ ക്യാമ്പുകളിൽ കഠിനമായ സാഹചര്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ നാട്ടിലെത്തിക്കുന്നതിനും ക്രൂഡ് ഓയിലിന്റെ വിലത്തകർച്ചകാരണം ജോലിസ്ഥിരതയില്ലാതെ നാട്ടിലേക്ക് തിരിച്ചുവരാൻ നിർബന്ധിതരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്നവരുടെ ശവശരീരങ്ങൾ നാട്ടിലെത്തിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. വിദേശ രാജ്യങ്ങളിൽ

സ്ഥിരതാമസമാക്കുന്ന പ്രവാസികളുടെ നാട്ടിലെ സ്വത്തിനും ഇൻവെസ്റ്റ്മെന്റിനും സംരക്ഷണം കൊടുക്കുന്നകാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിക്കുന്ന ഏകദേശം 22 ലക്ഷത്തോളം വരുന്ന പ്രവാസികൾക്കുവേണ്ടി കേരള നിയമസഭ പാസ്സാക്കുന്ന പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ പുരോഗതിയിൽ മുഖ്യ പങ്ക് വഹിച്ചിട്ടുള്ള പ്രവാസികളോട് പൂർണ്ണമായും നീതികാണിക്കാൻ കഴിയുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. പ്രവാസി ജീവിതത്തിനുശേഷം രോഗികളായി മടങ്ങിവരുന്നവരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം. മടങ്ങിയെത്തിയ പ്രവാസികൾക്ക് സർക്കാർ സേവനങ്ങൾ ത്വരിതഗതിയിൽ ലഭ്യമാക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയുമാണ് ഈ നിയമനിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യമുണ്ടാക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്ന ഇവരുടെ മക്കൾക്ക്

പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് വ്യവസ്ഥകൾ ഉദാരമാക്കുകയും എൻ.ആർ.ഐ. ക്വാട്ടയിൽ അമിത ഫീസ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുകയും വേണം. കേരളത്തിന്റെ നട്ടെല്ലായ പ്രവാസികളുടെ സംരക്ഷണത്തിനുവേണ്ടി ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്ന വകുപ്പുമന്ത്രിയേയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭാരതത്തിനുതന്നെ മാതൃകയായ ഒരു ബിൽ ഇവിടെ അവതരിപ്പിച്ചതിന് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയിൽ പ്രവാസികൾ വഹിക്കുന്ന പങ്ക് എടുത്തുപറയേണ്ട ഒന്നാണ്. ഇത്തരത്തിൽ ഒരു കമ്മീഷൻ രൂപീകരിക്കുന്നതോടുകൂടി പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാട്ടിലെത്തുന്ന പ്രവാസികൾക്ക് വിദ്യാഭ്യാസ രംഗത്തുൾപ്പെടെ

വിവിധ മേഖലകളിൽ നിയമപരിരക്ഷ ലഭിക്കുന്നതിനായി വിദേശത്ത് ലീഗൽ സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രവാസി ക്ഷേമത്തിനുവേണ്ടി ആദ്യമായി ഒരു വകുപ്പ് രൂപീകരിച്ച കേരളം ഇൻഡ്യയ്ക്കാകെ മാതൃകയാണ്. പ്രവാസികളായ മലയാളികളുടെ നാട്ടിലുള്ള സ്വത്തിനും വസ്തുവകകൾക്കും സുരക്ഷയൊരുക്കുകയും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും തൊഴിൽരംഗത്തുൾപ്പെടെ അവർ നേരിടുന്ന വിവിധ ചൂഷണങ്ങൾക്ക് അറുതിവരുത്തുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. നിയമനങ്ങൾ സംസ്ഥാന സർക്കാർ മുഖാന്തിരം നടത്താൻ ഗൾഫ് രാജ്യങ്ങളുമായി ധാരണയുണ്ടാക്കാൻ കഴിഞ്ഞു. പ്രവാസികളെ ബാധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എൻ.ആർ.ഐ. കമ്മീഷന് പുറമെ നോർക്ക വകുപ്പും നോർക്ക റൂട്ട്സും പ്രവർത്തിക്കുന്നുണ്ട്. എയർകേരളയ്ക്ക് അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയവുമായി നടത്തിയ ചർച്ചകളിൽ

കേന്ദ്രത്തിന്റെ വ്യോമയാന നയത്തിൽ ഇളവ് വരുത്തണമെന്നും അവധിക്കാലങ്ങളിൽ വിമാനയാത്രാക്കൂലിയിൽ ക്യാപ്പിംഗ് കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തിക മാന്ദ്യവും ക്രൂഡ് ഓയിലിന്റെ വിലത്തകർച്ചയും ജോലിസ്ഥിരതയില്ലായ്മയും കാരണം ഗൾഫ് മേഖലയിൽനിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി നാല് ദേശസാൽകൃത ബാങ്കുകളുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ളതിന് പുറമെ പ്രവാസികളോടുള്ള ബാങ്കുകളുടെ സമീപനത്തിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സഹായിക്കുന്നതിനായി ലീഗൽ എയ്ഡ് ഫണ്ടിന് രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായ ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ

അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2 -ാം വകുപ്പ്</u>

134, 136, 137, 139, 148, 152, 154, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(140) ഖണ്ഡം 2(സി)-യിൽ, “ടെലഗ്രാം"എന്ന വാക്ക് ഒഴിവാക്കുക.

(145) ഖണ്ഡം 2(സി)-യിൽ, “സ്വകാര്യവ്യക്തിയാലോ"എന്നതിന് ശേഷം താഴെ പറയുന്നവ ചേർക്കുക.

“സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ബാങ്കുകൾ/സ്വകാര്യ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും, കമ്പനികളിൽനിന്നും"

(146) ഖണ്ഡം 2(സി)-യിൽ, “തർക്കങ്ങളോ ലംഘനങ്ങളോ "എന്നതിനുശേഷം

"നീതി നിഷേധങ്ങളോ" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

(152) ഖണ്ഡം 2(എഫ്)(i)-ൽ, "അവിവാഹിതയോ "എന്ന വാക്കിനുശേഷം "ബന്ധം വേർപ്പെടുത്തിയതോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

168, 169,173, 176, 180, 183, 189, 190,191 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

171. ഖണ്ഡം 3(2)(ii)-ൽ, "ഭാരതീയരായ" എന്ന വാക്ക് ഒഴിവാക്കുക.

192. ഖണ്ഡം 3(2)(iv)-നുശേഷം താഴെപ്പറയുന്ന ഖണ്ഡം (v)ആയി ചേർക്കുക:

"(v)അറുപത്തഞ്ചു വയസ്സ് പൂർത്തിയായ ഒരാൾ ചെയർപേഴ്സണോ അംഗമോ ആയി തുടരാൻ പാട്ടുള്ളതല്ല."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

197, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

206-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

213-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

217, 221, 222, 224, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

224. ഖണ്ഡം 7(4)-ൽ, "മൂന്ന് " എന്നതിന് പകരം "രണ്ട് "എന്ന്

ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

235, 237, 239, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

246. 9-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:—

"(എച്ച്) കേരളത്തിൽ സ്ഥിരതാമസമായിരുന്ന 1955-ലെ പൗരത്വ ആക്റ്റിലെ (1955-ലെ 57-ാം കേന്ദ്ര ആക്റ്റ്) 7എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ കാർഡ് കൈവശമുള്ള ഓവർസീസ് പൗരന്റെയും കുടുംബാംഗങ്ങളുടെയും താല്പര്യങ്ങളും സ്വത്തുക്കളും നിക്ഷേപങ്ങളും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സാമൂഹ്യ സേവന സംഘടനകളെ സൗകര്യപ്പെടുത്തുകയും ചെയ്യുക".

248, 263, 266, 274, 276, 286,290, 291, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

248. ഖണ്ഡം 9(1)-ൽ, "എല്പ്പിച്ചു" എന്ന വാക്കിനു പകരം "ഏൽപ്പിച്ചു" എന്ന വാക്ക് ചേർക്കുക.

മന്ത്രി 290-ാം നമ്പർ ഭേദഗതി താഴെപ്പറയും പ്രകാരം ഭേദഗതികളോടെ സ്വീകരിച്ചു.

290. ഖണ്ഡം 9(2)(എച്ച്)-നുശേഷം താഴെപ്പറയുന്ന ഖണ്ഡം (ഐ) ആയി

ചേർക്കുക:

"(ഐ) പ്രവാസി ഭാരതീയരായ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

300 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

306, 309, 311, 312, 315, 319 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

309. ഖണ്ഡം (11)(1)(എ)-യിലെ, "നിന്നും" എന്ന വാക്കിനു പകരം "നിന്നോ, അംഗീകൃത പ്രവാസി സംഘടനയിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

323-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

326-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

332 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

330. ഖണ്ഡം 18(1)-ൽ, "റിക്കാർഡുകളും" എന്നതിന് ശേഷം "രജിസ്റ്ററുകളും" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

332. ഖണ്ഡം 18(4)-ൽ, " വയ്ക്കേണ്ടതുമാണ് " എന്നതിന് പകരം "വയ്ക്കേണ്ടതാണ് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ

അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

335. ഖണ്ഡം 20 (1)-ൽ, "സർക്കാരിന് "എന്നതിനുശേഷം "ഗസറ്റ് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

339-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

111, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളീയ പ്രവാസികൾക്കായി നിയമനിർമ്മാണം കൊണ്ടുവരാൻ കഴിഞ്ഞതിലും അവർക്ക് വോട്ടവകാശം നേടിക്കൊടുക്കാൻ സാധിച്ചതിലും ഗവൺമെന്റിന് ചാരിതാർത്ഥ്യമുണ്ട്. വിമാന കമ്പനികളുടെ അമിത ചൂഷണത്തിൽ നിന്നും പ്രവാസികളെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന 'എയർ കേരള' യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. ഈ ബിൽ പാസ്സാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ലോകത്തിലെ എല്ലാ മലയാളികൾക്കും പ്രത്യേകിച്ച് പ്രവാസി മലയാളികൾക്ക് ഇതൊരു ചരിത്ര മുഹൂർത്തമാണ്. പ്രവാസികാര്യ മന്ത്രിയെന്ന നിലയിൽ ശ്രീ. കെ.സി. ജോസഫിന് ഈ ബിൽ അവതരിപ്പിക്കുവാനും പാസ്സാക്കുവാനും സാധിച്ചതിൽ അഭിമാനിക്കാം. ഈ ബിൽ പാസ്സായി നിയമമാകുന്നതിലൂടെ പ്രവാസി മലയാളികൾ ഇന്നു നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം

കണ്ടെത്താൻ കഴിയും. ഈ ബിൽ പാസ്സാക്കുന്നതിന് മുൻകയ്യെടുത്ത പ്രവാസികാര്യ വകുപ്പുമന്ത്രിയേയും സഭയേയും പ്രത്യേകം അഭിനന്ദിക്കുന്നു.

ശ്രീ. സി. ദിവാകരൻ: പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പാസ്സാക്കപ്പെടുന്നതോടുകൂടി ഇതൊരു ശക്തമായ നിയമമായി മാറാൻ പോകുകയാണ്. വിദേശത്തുനിന്ന് മലയാളികൾ കൂട്ടത്തോടെ മടങ്ങി വന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കുന്നത് എന്നത് നാം വളരെ പ്രാധാന്യത്തോടെ കാണേണ്ടതാണ്. നാട്ടിലേക്ക് മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകാൻ ഈ കമ്മീഷന് കഴിയണം. ഈ ബിൽ പാസ്സാക്കുന്നതിന് ഭരണ-പ്രതിപക്ഷ കക്ഷി ഭേദമെന്യേ എല്ലാവർക്കും തുല്യപരിഗണന നൽകിയ ഗവൺമെന്റിന്റെ നടപടികളോട് പൂർണ്ണമായും സഹകരിക്കുന്നു.

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**അവകാശലംഘന പ്രശ്നങ്ങൾ**

അനുമതി നിഷേധിച്ചവ

മി.സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ എം.എൽ.എ നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. രാജു എബ്രഹാം എം.എൽ.എ നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ സർവ്വശ്രീ. കെ. ശിവദാസൻ നായർ, ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീ. സന്തോഷ് കുമാർ, ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ശ്രീ. രാജേന്ദ്രൻ എന്നിവർക്കെതിരെ ശ്രീ. എം.ഹംസ എം.എൽ.എ. നൽകിയ നോട്ടീസുകൾ എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

## പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക്

പിരിയാവുന്നതാണ്.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകമായി പൂർത്തിയാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും നിയമഭാ സെക്രട്ടേറിയറ്റ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുകയും എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ് -പുതുവൽസര ആശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയ ഗാനാലാപനത്തോടെ രാത്രി 11.48-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

*******